المملكة العربية السعودية
وزارة الشؤون الإسلامية والأوقاف والدعوة والإرشاد
ب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة

# എന്താണ് ഇസ്‌ലാം?



## എം.എം. അക്ബർ

പ്രസാധനം
The Co Operative Office for Call and Guidance
At West dirah Tel. 439 1942 Fax. 4391851

# ماهو الإسلام؟

مليباري

المملكة العربية السعودية
وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة

# എന്താണ് ഇസ്‌ലാം?



എം.എം. അക്ബർ

The Co-Operative Office for Call and Guidance
At West Dira

# ماهو الإسلام؟

مليباري

المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة

ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദ്ദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗ്ഗം.

നമ്മുടെ ലോകസ്രഷ്ടാവ് നല്കിയ നിർദ്ദേശസംഹിതയാണ് ഖുർആൻ മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് 'നിച്ച് ഓഫ് ട്രൂത്ത്'

നാഥാ സത്യമത സന്ദേശ പ്രചരണത്തിന്നുവേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിന്റെ നിർവഹണത്തിനു വേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

കോഴിക്കോട് - 673 001

ഡയറക്ടർ

> ദൈവിക മതമല്ലാത്ത മറ്റുവല്ല മതത്തെയുമാണോ അവർ ആഗ്രഹിക്കുന്നത്? ഉപരിലോകങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതരായോ അവന് കീഴ്പ്പെട്ടിരിക്കുന്നു (ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു). അവനിലേക്കു തന്നെയാണ് അവരുടെ മടക്കവും.
>
> \- ഖുർആൻ 3: 83

### എന്താണ് ഇസ്‌ലാം?

ഇസ്‌ലാം എന്ന അറബി പദത്തിന് 'സമർപ്പണ'മെന്നും 'സമാധാന'മെന്നും അർത്ഥമുണ്ട്. സർവ്വലോക സ്രഷ്ടാവിന് സ്വന്തം ജീവിതത്തെ സമർപ്പിക്കുന്നതുവഴി കരഗതമാകുന്ന സമാധാനമാണ് ഇസ്‌ലാം. ജീവിതത്തിന്റെ എല്ലാ രംഗങ്ങളും ദൈവിക വിധി വിലക്കുകളനുസരിച്ച് ചിട്ടപ്പെടുത്തുകയെന്നാണ് ഇസ്‌ലാം കൊണ്ട് വിവക്ഷിക്കുന്നത്.

### ആരാണ് ഇസ്‌ലാമിന്റെ സ്ഥാപകൻ?

വിശേഷബുദ്ധിയും ചിന്താശേഷിയും നന്മതിന്മകൾ വ്യവച്ഛേദിച്ച് മനസ്സിലാക്കുവാനുള്ള കഴിവും നൽകി മനുഷ്യരെ ഭൂമിയിലേക്ക് നിയോഗിച്ചയച്ച സ്രഷ്ടാവ് തന്നെ അവർ ജീവിതത്തിന്റെ വിവിധ തുറകളിൽ പാലിക്കേണ്ട വിധിവിലക്കുകൾ പഠിപ്പിക്കുവാനാവശ്യമായ സംവിധാനങ്ങളുമുണ്ടാക്കിയിട്ടുണ്ട്. അതിന്നു വേണ്ടിയാണ്

അവൻ പ്രവാചകൻമാരെ നിയോഗിച്ചത് വ്യത്യസ്ത കാലഘട്ടങ്ങളിൽ വിവിധ സമുദായങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരെല്ലാം പഠിപ്പിച്ചത് സ്രഷ്ടാവിന്റെ വിധിവിലക്കുകൾക്കനുസരിച്ച് ജീവിതം ക്രമപ്പെടുത്തുവാനാണ്. സർവ്വശക്തനുള്ള സമ്പൂർണ്ണ സമർപ്പണം അഥവാ ഇസ്‌ലാം ആണ് അവരെല്ലാം പ്രബോധനം ചെയ്ത ആദർശം. അവരുടെ ഉപദേശ നിർദേശങ്ങളെല്ലാം ദൈവിക ബോധനത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ദൈവസമർപ്പണത്തിന്റെ ആദർശം – ഇസ്‌ലാം – ഏതെങ്കിലുമൊരു മനുഷ്യൻ സ്ഥാപിച്ചതല്ല. പ്രത്യുത ദൈവംതമ്പുരാൻ പ്രവാചകന്മാരിലൂടെ അവതരിപ്പിച്ചതാണ് എന്നതാണ് യാഥാർത്ഥ്യം.

## ആരാണ് മുസ്‌ലിംകൾ?

സ്വന്തത്തെ സ്രഷ്ടാവിന് സമർപ്പിച്ചവൻ എന്നാണ് മുസ്‌ലിം എന്ന പദത്തിനർത്ഥം. ദൈവിക വിധിവിലക്കുകളനുസരിച്ച് സ്വന്തം ജീവിതത്തെ ചിട്ടപ്പെടുത്തിയവനാണ് മുസ്‌ലിം. ജൻമത്തിന്റെ അടിസ്ഥാനത്തിലല്ല, പ്രത്യുത വിശ്വാസത്തിന്റെയും കർമത്തിന്റെയും അടിസ്ഥാനത്തിലാണ് ഒരാൾ മുസ്‌ലിമാകുന്നത്.

## എങ്ങനെ ഒരാൾക്ക് മുസ്‌ലിമാകാൻ കഴിയും?

'അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു; മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്ന രണ്ട് സാക്ഷ്യവചനങ്ങൾ ചൊല്ലി അവയനുസരിച്ച് ജീവിതം ക്രമീകരിക്കാമെന്ന് പ്രതിജ്ഞയെടുത്താൽ ഒരാൾ മുസ്‌ലിമായിത്തീരുന്നു.

## ഇസ്‌ലാം കർക്കശമായി തോന്നുന്നത് എന്തുകൊണ്ടാണ്?

ആരാധനാലയങ്ങളുടെ ചുവരുകൾക്കകത്ത് ഒതുങ്ങിനിൽക്കേണ്ടതാണ് മതം എന്നല്ല പ്രവാചകൻമാരൊന്നും പഠിപ്പിച്ചത്; പ്രത്യുത ജീവിതത്തിന്റെ വിവിധ തുറകളിൽ അനുസരിക്കേ

ണ്ടതായ വിധിവിലക്കുകൾ ഉൾക്കൊള്ളുന്നതാണ് മതമെന്നാണ്. 'മുസ്‌ലിം' എന്നാൽ സ്വന്തത്തെ സ്രഷ്ടാവിന് സമർപ്പിച്ചവൻ എന്നാണർത്ഥം. അതുകൊണ്ടുതന്നെ ജീവിതത്തിന്റെ നാനാതുറകളിലേക്കുമുള്ള ദൈവിക മാർഗനിർദേശം സ്വീകരിക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാകാൻ മുസ്‌ലിമിന് കഴിയുകയില്ല. ആരാധനാലയത്തിലെത്തുമ്പോൾ ദൈവബോധവും ജീവിതത്തിലെല്ലാം തന്നിഷ്ടവുമെന്ന 'മതസങ്കല്പം' ഇസ്‌ലാമിന് അന്യമായതിനാൽ എല്ലാ രംഗത്തേക്കുമുള്ള ഇസ്‌ലാമിക വിധിവിലക്കുകൾ കർശനമായും പാലിക്കുന്നവനായിരിക്കും യഥാർത്ഥ മുസ്‌ലിം

*പറയുക: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിക്കപ്പെട്ടതിലും അബ്രഹാം, ഇശ്മയേൽ, ഇസ്ഹാക്, യാക്കോബ്, യാക്കോബ് സന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ടതിലും മോശെയ്ക്കും യേശുവിനും മറ്റു പ്രവാചകന്മാർക്കും നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു (മുസ്‌ലിംകളാകുന്നു.)*

*ഖുർആൻ 3: 84*

> ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ, നിങ്ങൾ സൂക്ഷ്മാലുക്കളാകുന്നതിനുവേണ്ടി; നിങ്ങൾക്കായി ഭൂമിയെ മെത്തയും ഉപരിലോകത്തെ മേൽപ്പുരയുമാക്കുകയും ഉപരിലോകത്തുനിന്ന് ജലം ചൊരിഞ്ഞ് അതുമൂലം നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചുതരികയും ചെയ്തവനെ. അതിനാൽ അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെയുണ്ടാക്കരുത്" - ഖുർആൻ 2 :21, 22

## ഇസ്‌ലാമിക വിശ്വാസങ്ങൾ എന്തെല്ലാമാണ്?

ഏകദൈവത്തിലും അവന്റെ മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകൻമാരിലും മരണാനന്തര ജീവിതത്തിലും ദൈവികവിധിയിലുമുള്ള വിശ്വാസങ്ങളാണ് അടിസ്ഥാന ഇസ്‌ലാമിക വിശ്വാസങ്ങൾ.

## ഏകദൈവ വിശ്വാസം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

ഈ പ്രപഞ്ചത്തിലെ വലുതും ചെറുതുമായ സകല പ്രതിഭാസങ്ങളുടെയും സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു അവന്റെ സത്തയിലും ഗുണങ്ങളിലും പ്രവർത്തനങ്ങളിലും ഏകനും അദ്വിതീയനുമാണ്. സർവ്വശക്തനും സർവ്വോന്നതനും സ്വയം സമ്പൂർണനുമായ അവനു മാത്രമേ ആരാധനകൾ അർപ്പിക്കുവാൻ പാടുള്ളൂ. സ്രഷ്ടാവായ ഒരു ദൈവമുണ്ടെന്ന കേവല വിശ്വാസത്തിലുപരിയായി പരമകാരുണികനും സർവജ്ഞനുമായ അവനു മാത്രം പ്രാർത്ഥനാ വഴിപാടുകൾ അർപ്പിക്കപ്പെടുന്ന അവസ്ഥ സംജാതമാവുകയാണ് ഇസ്‌ലാം ഏകദൈവ വിശ്വാസം കൊണ്ട് വിവക്ഷിക്കുന്നത്.

## ആരാണ് അല്ലാഹു?

സർവ്വലോക സ്രഷ്ടാവായ ഏകദൈവത്തെ അറബിയിൽ സംബോധന ചെയ്യുന്നത് അല്ലാഹുവെന്നാണ്. 'എല്ലാതരം ആരാധനകളും യഥാർത്ഥത്തിൽ അർഹിക്കുന്നവൻ' എന്നാണ് 'അല്ലാഹു'വെന്ന പദത്തിന്റെ ഭാഷാപരമായ അർത്ഥം. അറബ് നാട്ടുകളിൽ വസിക്കുന്ന അമുസ്‌ലിംകളും ഏകദൈവത്തെ അല്ലാഹുവെന്നു തന്നെയാണ് വിളിക്കുന്നത്. ലിംഗഭേദമോ ബഹുവചനപ്രയോഗമോ ഇല്ലാത്ത നാമമാണിത്. ദൈവിക മഹത്വത്തെ പൂർണമായി ദ്യോതിപ്പിക്കുന്നതും ഇതര ഭാഷകളിലെ പ്രയോഗങ്ങളെക്കാൾ കൃത്യവുമായതിനാലാണ് അല്ലാഹുവെന്ന് തന്നെ ദൈവംതമ്പുരാനെ മുസ്‌ലിംകൾ സംബോധന ചെയ്യുന്നത്. ഏകദൈവത്തെ അവന്റെ പരിശുദ്ധിക്കും മഹത്വത്തിനുമിണങ്ങുന്ന ഏതുനാമത്തിലും അഭിസംബോധന ചെയ്യാമെന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്.

## ആരാണ് മലക്കുകൾ?

മനുഷ്യന് തന്റെ സാധാരണ നിലയ്ക്കുള്ള ഇന്ദ്രിയജ്ഞാനം കൊണ്ട് മനസ്സിലാക്കുവാനോ അനുഭവിക്കുവാനോ സാധിക്കാത്ത പ്രകാരത്താൽ സൃഷ്ടിക്കപ്പെട്ട ദൈവദാസന്മാരാണ് മലക്കുകൾ. വ്യത്യസ്ത ദൗത്യങ്ങൾക്കായി നിയോഗിക്കപ്പെട്ടവരും ദൈവത്തെ ധിക്കരിക്കുവാൻ കഴിയാത്തവരുമാണിവർ.

## എന്താണ് വേദഗ്രന്ഥങ്ങൾ?

മനുഷ്യർ എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകന്മാരിലൂടെ ദൈവം അവതരിപ്പിച്ച മാർഗദർശക ഗ്രന്ഥങ്ങളാണ് വേദഗ്രന്ഥങ്ങൾ. ഇഹപര ജീവിതവിജയത്തിനാവശ്യമായ ദൈവിക നിയമനിർദേശങ്ങളുടെ സമാഹാരമാണ് വേദം എന്ന് പറയാം. നാലു വേദഗ്രന്ഥങ്ങളുടെ പേരുകളാണ് അവ

> *ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല.*
>
> *- ഖുർആൻ 35: 24*

സാനത്തെ വേദമായ ഖുർആനിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. മൂസാ(അ)*യിലൂടെ അവതരിപ്പിക്കപ്പെട്ട തൗറാത്തും, ദാവൂദി(അ)ലൂടെ അവതരിപ്പിക്കപ്പെട്ട സബൂറും. ഈസാ(അ)യിലൂടെ അവതരിപ്പിക്കപ്പെട്ട ഇൻജീലും. മുഹമ്മദി(സ)ലൂടെ അവതരിപ്പിക്കപ്പെട്ട ഖുർആനുമാണവ. ഇവ കൂടാതെയും മറ്റു ചില പ്രവാചകന്മാരിലൂടെ വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഈ വേദഗ്രന്ഥങ്ങളെല്ലാം മനുഷ്യരെ ദുർമാർഗത്തിൽ നിന്ന് അകറ്റി സന്മാർഗത്തിലേക്ക് നയിക്കുന്നതിന്നു വേണ്ടി ദൈവംതമ്പുരാൻ അവതരിപ്പിച്ചവയായിരുന്നു.

## ആരാണ് പ്രവാചകന്മാർ?

നൻമയും തിന്മയുമെന്താണെന്ന് മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന്നുവേണ്ടി ദൈവംതമ്പുരാൻ മനുഷ്യർക്കിടയിൽനിന്ന് ചിലരെ തെരഞ്ഞെടുത്ത് ദൗത്യമേൽപിക്കാറുണ്ട്. ഇങ്ങനെ ദൗത്യമേൽപിക്കപ്പെട്ടവരാണ് പ്രവാചകന്മാർ. മനുഷ്യരെ നേർമാർഗത്തിലേക്ക് ക്ഷണിക്കുന്നതിന്നുവേണ്ടി പ്രവാചകന്മാർ നിയോഗിക്കപ്പെടാത്ത ഒരു സമുദായവുമില്ല. മാതൃകാജീവിതം നയിച്ച് മനുഷ്യത്വത്തിന്റെ പൂർണത പ്രാപിച്ച പ്രവാചകന്മാരൊന്നുംതന്നെ തങ്ങൾക്ക് ദിവ്യത്വമുണ്ടെന്ന് വാദിച്ചിരുന്നില്ല. അവരെല്ലാവരും മനുഷ്യരായിരുന്നു; പച്ചയായ മനുഷ്യർ. ദൈവനിയുക്തരായ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കേണ്ടത് ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണ്.

*പ്രവാചകന്മാരുടെ പേരു പറയുമ്പോൾ 'അലൈഹിസ്സലാം' (അവർക്കുമേൽ സമാധാനമുണ്ടാകട്ടെ) എന്നു പ്രാർഥിക്കുന്നവരാണ് മുസ്‌ലിംകൾ. ഇതിന്റെ ചുരുക്കമാണ് (അ). മുഹമ്മദ് നബിയുടെ പേരു പറയുമ്പോൾ 'സല്ലല്ലാഹു അലൈഹി വസല്ലം' (അദ്ദേഹത്തിനു മേൽ ദൈവികരക്ഷയും സമാധാനവുമുണ്ടാകട്ടെ) എന്നാണു പറയുക. ഇതിന്റെ ചുരുക്കമായാണ് (സ) എന്ന് എഴുതുന്നത്.

*മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ ഭിന്നിച്ച വിഷയത്തിൽ തീർപ്പു കൽപിക്കുന്നതിനായി അവരോടൊപ്പം സത്യവേദവും അവൻ അയച്ചുകൊടുത്തു.*

*- ഖുർആൻ 2:213*

### മരണാനന്തര ജീവിതത്തെക്കുറിച്ച് ഇസ്‌ലാം എന്തുപറയുന്നു?

മരണം മനുഷ്യ ജീവിതത്തിന്റെ അന്ത്യമല്ല. പ്രത്യുത ശാശ്വതമായ മരണാനന്തര ജീവിതത്തിലേക്കുള്ള വാതായനമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇവിടെവെച്ചു ചെയ്യുന്ന നന്മതിന്മകൾക്ക് തക്കതായ പ്രതിഫലം ലഭിക്കുന്നത് മരണാനന്തര ജീവിതത്തിൽ വെച്ചു മാത്രമാണ്. അവസാന നാളിൽ എല്ലാ സൃഷ്ടികളും നശിച്ചതിനുശേഷം മനുഷ്യർ പുനർജീവിപ്പിക്കപ്പെടുമെന്നാണ് ഇസ്‌ലാമിക വിശ്വാസം. അങ്ങനെ പുനർജീവിപ്പിക്കപ്പെട്ടശേഷം വിചാരണ നടക്കും. സർവശക്തന്റെ നിയന്ത്രണത്തിലുള്ള വിചാരണ. നാം ചെയ്ത നന്മതിന്മകളെല്ലാം പ്രസ്തുത വിചാരണയിൽ നമ്മുടെ മുന്നിൽ നിവർത്തിവെക്കപ്പെടും. എന്നിട്ട് പൂർണമായ നീതി നടപ്പാക്കപ്പെടും. നന്മ ചെയ്തവർക്ക് നന്മയും തിന്മ ചെയ്തവർക്ക് തിന്മയുമായിരിക്കും പ്രതിഫലം. സത്കർമങ്ങൾ ചെയ്ത് ജീവിതത്തെ വിശുദ്ധമാക്കിയവർക്ക് സമാധാനത്തിന്റെ ഭവനമായ സ്വർഗവും ദുഷ്കർമങ്ങളാൽ ജീവിതത്തെ വികലമാക്കിയവർക്ക് നരകയാതനകളും പ്രതിഫലമായി ലഭിക്കും.

### എന്താണ് ഇസ്‌ലാമിലെ വിധിവിശ്വാസം?

പ്രപഞ്ചത്തിലെ സകലമാന പ്രതിഭാസങ്ങളും ദൈവികമാ

*ഉയിർത്തെഴുന്നേൽപിന്റെ നാളുകൊണ്ട് ഞാനിതാ സത്യം ചെയ്യുന്നു. കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു. മനുഷ്യൻ വിചാരിക്കുന്നുണ്ടോ; നാം അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്ന്? അതെ, നാം അവന്റെ വിരൽത്തുമ്പുകളെപോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ' - ഖുർആൻ 75: 1 - 4*

യ വ്യവസ്ഥപ്രകാരമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ വ്യവസ്ഥയാണ് ദൈവികവിധി. ഈ വിധിയിൽ നിന്ന് തെന്നിമാറുവാൻ സൃഷ്ടികൾക്കൊന്നും കഴിയില്ല. മനുഷ്യന്റെ സ്ഥിതിയും ഇതിൽനിന്ന് ഭിന്നമല്ല. മനുഷ്യന്റെ ചുറ്റുപാടുകളും ശാരീരിക വ്യവസ്ഥകൾ തന്നെയും ദൈവവിധിക്കനുസരിച്ചാണ് നിലനിൽക്കുന്നത് അവന് വന്നുഭവിക്കുന്ന നന്മകളും ദോഷങ്ങളുമെല്ലാം ഈ ദൈവവിധി പ്രകാരം തന്നെയാണ് സംഭവിക്കുന്നത്. മനുഷ്യസമൂഹത്തിന് ആത്യന്തികമായി നന്മയെന്താണെന്നും തിന്മയെന്തെല്ലാമാണെന്നും കൃത്യമായി അറിയാവുന്ന സർവ്വജ്ഞന്റെ വ്യക്തമായ വ്യവസ്ഥകൾ പ്രകാരമാണ് ഓരോരുത്തർക്കും വന്നുഭവിക്കുന്ന ഗുണങ്ങളും ദോഷങ്ങളുമെല്ലാമുണ്ടാവുന്നത് എന്ന വിശ്വാസമാണ് ഇസ്ലാമിക വിധിവിശ്വാസത്തിന്റെ കാതൽ

*തീർച്ചയായും സുകൃതവാന്മാർ സുഖാനുഭവത്തിൽ തന്നെയായിരിക്കും. തീർച്ചയായും ദുർമാർഗികൾ ജ്വലിക്കുന്ന നരകാഗ്നിയിൽ തന്നെയായിരിക്കും. പ്രതിഫലനാളിൽ അവരതിൽ കിടന്ന് എരിയും. അതിൽ നിന്നവർക്ക് മാറിനിൽക്കാനാവില്ല - ഖുർആൻ 82: 13- 16*

*തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇന്‍ജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവര്‍ക്ക് കണ്ടെത്താന്‍ കഴിയുന്ന ആ നിരക്ഷര പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിന്‍പറ്റുന്നവര്‍ക്ക് (കാരുണ്യം) അവരോട് അദ്ദേഹം സദാചാരം കല്‍പിക്കുകയും ദുരാചാരത്തില്‍ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കള്‍ അവര്‍ക്കദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കള്‍ അവരുടെ മേല്‍ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോള്‍ അദ്ദേഹത്തില്‍ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്‍തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിന്‍പറ്റുകയും ചെയ്തവരാരോ അവര്‍ തന്നെയാണ് വിജയികള്‍. - ഖുര്‍ആന്‍ 7: 157*

## ഇസ്‌ലാമിക പ്രമാണങ്ങള്‍ എന്തെല്ലാമാണ്?

ഖുര്‍ആനും മുഹമ്മദി(സ)ന്റെ ജീവിതമാതൃകയുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങള്‍.

## ആരാണ് മുഹമ്മദ്(സ)?

ഇസ്‌ലാമിന്റെ അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് (സ). അദ്ദേഹത്തിലൂടെയാണ് ദൈവസമര്‍പ്പണത്തിന്റെ മതം പൂര്‍ത്തീകരിക്കപ്പെട്ടത്. നോഹയുടെയും അബ്രഹാമിന്റെയും മോശയുടെയും യേശുവിന്റെയും മാത്രമല്ല നമുക്ക് പേരറിയാവുന്നതും അല്ലാത്തതുമായ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരുടെയെല്ലാം പിന്‍ഗാമിയാണ് മുഹമ്മദ് (സ). പുതിയൊരു മതം സ്ഥാപിക്കു

കയല്ല, മറിച്ച് പൂർവ്വ പ്രവാചകന്മാരെല്ലാം പഠിപ്പിച്ച മതം പൂർത്തീകരിക്കുകയാണ് അദ്ദേഹം ചെയ്തത്.

## മുഹമ്മദി(സ)ന്റെ ജീവിതത്തെപ്പറ്റി .... ?

ക്രിസ്താബ്ദം 570ൽ മക്കയിലാണ് മുഹമ്മദ്(സ) ജനിച്ചത്. ജനനത്തിനു മുമ്പ് പിതാവും ഏഴ് വയസ്സുള്ളപ്പോൾ മാതാവും മരണപ്പെട്ടതിനാൽ അനാഥനായാണ് അദ്ദേഹം വളർന്നത്. എല്ലാവിധ തിന്മകളുടെയും കൂത്തരങ്ങായിരുന്ന അറേബ്യയിൽ ചെറുപ്പകാലം മുതൽക്കു തന്നെ സത്യസന്ധനും സദ്‌വൃത്തനുമെന്ന് പ്രത്യേകം അറിയപ്പെടുന്ന രീതിയിലുള്ള വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ഉന്നത ഗുണങ്ങളുടെയെല്ലാം വിളനിലമായിരുന്ന മുഹമ്മദ്(സ) ഇരുപത്തഞ്ചാം വയസ്സിൽ നാൽപതുകാരിയായ ഖദീജയെന്ന കച്ചവടക്കാരിയെ വിവാഹം ചെയ്തു. നാൽപതാം വയസ്സിലാണ് മുഹമ്മദി(സ)ന് ദൈവികബോധനം ലഭിക്കാനാരംഭിച്ചത്. പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തന്റെ സമൂഹത്തിന് ദൈവിക സന്ദേശങ്ങളെത്തിച്ചുകൊടുത്തു- നിഷേധാത്മകമായിരുന്നു പ്രതികരണങ്ങൾ. മർദനങ്ങൾ, പീഡനങ്ങൾ, ആരോപണങ്ങൾ, കൊലവിളികൾ..... സത്യമതമനുസരിച്ച് ജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി ജനിച്ച നാടുവെടിഞ്ഞ് വടക്കുഭാഗത്തുള്ള യഥ്‌രിബി(മദീന)ലേക്ക് പലായനം ചെയ്തു. മദീനയിൽ ഒരു ഇസ്‌ലാമികരാഷ്ട്രമുണ്ടാവുകയും അദ്ദേഹം അതിന്റെ നേതൃത്വമേറ്റെടുക്കുകയും ചെയ്തു. മദീനയിലും സത്യമതമനുസരിച്ച് ജീവിക്കാൻ

> *നിന്നെ (മുഹമ്മദിനെ) നാം മനുഷ്യർക്കാകമാനം സന്തോഷവാർത്തയറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിക്കൊണ്ടാണ് അയച്ചിരിക്കുന്നത്. പക്ഷെ മനുഷ്യരിൽ അധികപേരും അറിയുന്നില്ല. - ഖുർആൻ 34: 28*

> *മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവായിട്ടില്ല. പക്ഷെ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെയാളുമാകുന്നു*  ഖുർആൻ 33: 40

അവിശ്വാസികൾ സമ്മതിക്കാതിരുന്നപ്പോൾ അവരുമായി യുദ്ധങ്ങൾ നടന്നു. മത സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള യുദ്ധങ്ങൾ. ഇരുപത്തിമൂന്ന് വർഷക്കാലത്തെ പ്രബോധന ജീവിതത്തിനുശേഷം ലോകത്തിനു മുഴുവൻ മാതൃകായോഗ്യമായ ഒരു സമൂഹത്തെ അവശേഷിപ്പിച്ചുകൊണ്ട് അറുപത്തിമൂന്നാമത്തെ വയസ്സിൽ മുഹമ്മദ്(സ) ഇഹലോകവാസം വെടിഞ്ഞു.

## മുഹമ്മദ് (സ) അന്തിമപ്രവാചകനാണെന്ന് പറയാൻ കാരണമെന്ത്?

ഏതെങ്കിലുമൊരു പ്രത്യേക പ്രദേശത്തിലേക്കോ സമുദായത്തിലേക്കോ മാത്രമായി അയക്കപ്പെട്ടവരായിരുന്നു മുൻകഴിഞ്ഞ പ്രവാചകന്മാർ. ലോകത്തിന് മുഴുവൻ അനുഗ്രഹമായിക്കൊണ്ട് വരാനിരിക്കുന്ന ഒരു മഹാപ്രവാചകന്റെ ആഗമനത്തെക്കുറിച്ച് ആ പ്രവാചകന്മാരിൽ പലരും പ്രവചിച്ചതായി കാണാൻ കഴിയും. മുഹമ്മദ്(സ) മുഴുവൻ ലോകത്തിന്റെയും പ്രവാചകനാണ്. അദ്ദേഹത്തിലൂടെ അവതരിപ്പിക്കപ്പെട്ട സന്ദേശങ്ങൾ ലോകത്തിലെ അവസാനത്തെ മനുഷ്യൻ വരെയുള്ളവർക്കെല്ലാം സ്വീകരിക്കാൻ പറ്റിയവയാണ്. പ്രവാചകന്മാർക്കൊന്നും നൽകപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങൾ അവരുടെ കാലശേഷം നിലനിൽക്കുന്നവയായിരുന്നില്ല. എന്നാൽ മുഹമ്മദി(സ)ന്റെ പ്രവാചകത്വത്തിനുള്ള തെളിവായി നൽകപ്പെട്ട ഖുർആൻ എന്ന ദൃഷ്ടാന്തം അവസാനനാളുവരെ മാറ്റമില്ലാതെ നിലനിൽക്കുന്നതും അതിന്റെ അമാനുഷികത ആർക്കും പരിശോധിച്ചു ബോധ്യപ്പെടാവുന്നതുമാണ്. മുഹമ്മദി(സ)ന്റെ ജീവിതമാകട്ടെ പൂർണമായി രേഖപ്പെടുത്തപ്പെടുകയും ചെയ്തി

രിക്കുന്നു. അവസാനനാൾ വരെയുള്ള മുഴുവൻ നാളുകൾക്കും മാതൃകയാക്കാവുന്ന വിധത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ വലുതും ചെറുതുമായ സംഭവങ്ങളെല്ലാം വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇനി ഒരു ദൈവദൂതൻ വരികയില്ലെന്നും അവസാന നാളുവരെയുള്ള മനുഷ്യരെല്ലാം മാർഗദർശകമായി ഖുർആനും നബിചര്യയുമാണ് സ്വീകരിക്കേണ്ടതെന്നും ഖുർആനിലും നബിമൊഴികളിലും വ്യക്തമാക്കപ്പെട്ടിട്ടുമുണ്ട്.

## എന്താണ് ഖുർആൻ?

അന്തിമ പ്രവാചകനിലൂടെ അവതരിപ്പിക്കപ്പെട്ട അവസാനത്തെ വേദഗ്രന്ഥമാണ് ഖുർആൻ. ദൈവവചനങ്ങൾ മാത്രമാണ് അതുൾക്കൊള്ളുന്നത്. അവസാനനാളുവരെയുള്ള മുഴുവൻ മനുഷ്യർക്കുമുള്ള മാർഗദർശക ഗ്രന്ഥമാണത്. അതുകൊണ്ടുതന്നെ അന്ത്യനാളുവരെ ഖുർആനിനെ യാതൊരു മാറ്റത്തിരുത്തലുകളുമില്ലാതെ നിലനിർത്തുമെന്ന് അത് അവതരിപ്പിച്ച ദൈവംതമ്പുരാൻ തന്നെ മനുഷ്യർക്ക് വാഗ്ദാനം നൽകിയിട്ടുണ്ട്. എല്ലാവിധ മാനുഷിക കൈകടത്തലുകളിൽ നിന്നും മുക്തമായി ഇന്നു നിലനിൽക്കുന്ന ഏക മതഗ്രന്ഥം ഖുർആനത്രേ. അത് ഒരേസമയം ഒരു മാർഗദർശക ഗ്രന്ഥവും അതോടൊപ്പം അന്തിമപ്രവാചകന് നൽകപ്പെട്ട അമാനുഷിക ദൃഷ്ടാന്തവുമാണ്

## എന്താണ് ഖുർആനിൽ പ്രതിപാദിച്ചിരിക്കുന്നത്?

മനുഷ്യരുടെ ഇഹലോകത്തെയും മരണാനന്തര ജീവിതത്തിലെയും വിജയത്തിനാവശ്യമായ ധാർമിക നിർദേശങ്ങളാണ് ഖുർആനിലുള്ളത്. സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള ബന്ധമാണ് ഖുർആനിന്റെ മുഖ്യപ്രമേയമെന്നു പറയാം. മാനവസമൂഹത്തെ ആത്യന്തികമായ നന്മയിലേക്കു നയിക്കുന്ന വിശ്വാസാചാരങ്ങളെയും ജീവിതരീതിയെയും കുറിച്ച പ്രതിപാദനങ്ങളാണ് അതിൽ നിറഞ്ഞുനിൽക്കുന്നത്. മനുഷ്യർക്ക് പാഠമായിത്തീരേണ്ട ഗതകാല

*നമ്മുടെ ദാസന് നാം അവതരിപ്പിച്ചു കൊടുത്തതിനെ (ഖുർആനിനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേതു പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക നിങ്ങൾ സത്യവാൻമാരാണെങ്കിൽ നിങ്ങൾക്കത് ചെയ്യാനായില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാനാവുകയില്ല - മനുഷ്യരും ശിലകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക സത്യനിഷേധികൾക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്.*

*ഖുർആൻ 2: 23, 24*

സംഭവങ്ങളെ അത് എടുത്തുദ്ധരിക്കുന്നത് ദൈവിക മാർഗദർശനത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനു വേണ്ടിയാണ്. ആത്മസംസ്കരണത്തിനുതകുന്ന ഉപദേശ നിർദേശങ്ങളോടൊപ്പം ഭൗതികജീവിതത്തിൽ പാലിക്കേണ്ട വിധിവിലക്കുകളും അതുൾക്കൊള്ളുന്നു. സ്രഷ്ടാവിന്റെ അസ്തിത്വത്തെപ്പറ്റി മനുഷ്യരെ ബോധ്യപ്പെടുത്തുന്ന തരത്തിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച വിശദീകരണങ്ങളും ഖുർആനിലുണ്ട്.

## ഖുർആൻ ഒരു അമാനുഷിക ദൃഷ്ടാന്തമാണെന്ന് പറയാൻ കാരണമെന്ത്?

മനുഷ്യർക്കു രചിക്കുവാൻ കഴിയാത്ത സവിശേഷമായ ഒരു ഗ്രന്ഥമാണ് ഖുർആൻ. നാൽപതു വയസ്സുവരെ യാതൊരു സാഹിത്യാഭിരുചിയും പ്രകടിപ്പിക്കാത്ത ഒരു നിരക്ഷരനിലൂടെ ലോകം ശ്രവിച്ച ഖുർആനിന്റെ അനിതരമായ സാഹിത്യശൈലി ആർക്കും അനുകരിക്കാനാവാത്തതാണ്. ഇന്നു നിലനിൽക്കുന്ന വേദഗ്രന്ഥങ്ങളിൽ ദൈവികമെന്ന് സ്വയം അവ

കാശപ്പെടുന്നതും അവതരിപ്പിക്കപ്പെട്ട രൂപത്തിൽ തന്നെ ഇന്നും നിലനിൽക്കുന്നതുമായ ഏകഗ്രന്ഥം ഖുർആനാണ്. ഖുർആനിലെ ധാർമിക നിയമങ്ങൾ സാർവ്വകാലികവും അത് പ്രദാനം ചെയ്യുന്ന സാന്മാർഗിക സംവിധാനം കിടയറ്റതുമാണ്. ദീർഘമായ ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വിഭിന്നങ്ങളായ പരിതസ്ഥിതികളിൽ വിപുലവും ബൃഹത്തുമായ വിഷയങ്ങളെക്കുറിച്ച് അവതീർണമായ ഖുർആൻ സൂക്തങ്ങളിൽ യാതൊരു വൈരുദ്ധ്യവുമില്ലെന്നതാണ് ഒരു അത്ഭുതം.

ഖുർആൻ സൃഷ്ടിച്ച പരിവർത്തനമാകട്ടെ അതുല്യവും മഹത്തരവുമാണ്. എല്ലാ നിലയ്ക്കും അധമമായ ഒരു സമൂഹത്തെ കേവലം ഇരുപത്തിമൂന്ന് വർഷക്കാലം കൊണ്ട് ലോകത്തിന് മുഴുവൻ മാതൃകയായ ഒരു സമൂഹമാക്കി മാറ്റിയ ഗ്രന്ഥമാണത്. ഖുർആനിലെ പ്രവചനങ്ങളാകട്ടെ അക്ഷരംപ്രതി പുലർന്നുകൊണ്ട് അത് സർവ്വകാലജ്ഞാനിയിൽ നിന്നുള്ളതാണെന്ന് തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്.

പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് ലോകം ശാസ്ത്രസാങ്കേതിക രംഗത്ത് വട്ടപ്പൂജ്യത്തിലായിരിക്കുമ്പോൾ അവതരിപ്പിക്കപ്പെട്ട ഖുർആൻ സൂക്തങ്ങളിലൊന്നുപോലും ആധുനിക ശാസ്ത്ര ഗവേഷണങ്ങളുടെ ഫലങ്ങൾക്ക് വിരുദ്ധമായ യാതൊരു പ്രസ്താവനയും നടത്തുന്നില്ലെന്നതാണ് മറ്റൊരു മഹാത്ഭുതം. മാത്രവുമല്ല, ഖുർആനിലെ വചനങ്ങൾ സർവശക്തനായ സ്രഷ്ടാവിന്റേതാണെന്ന് ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ വ്യക്തമാക്കുകയും ചെയ്യുന്നുവെന്നതാണ് അതിന്റെ അമാനുഷികതയ്ക്കുള്ള മറ്റൊരു തെളിവ്.

> *വേദഗ്രന്ഥത്തിൽ നിന്ന് നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപ്പിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നിഷിദ്ധകർമങ്ങളിൽ നിന്നും നീചവൃത്തികളിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുകയെന്നത് അതിമഹത്തായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു. - ഖുർആൻ 29: 45*

## എന്തെല്ലാമാണ് ഇസ്‌ലാമിക കർമങ്ങൾ?

ഇസ്‌ലാമിലെ അതിപ്രധാനമായ നിർബന്ധ കർമാനുഷ്ഠാനങ്ങൾ അഞ്ചെണ്ണമാണ്: സത്യസാക്ഷ്യം, നമസ്കാരം, സകാത്ത്, വ്രതാനുഷ്ഠാനം, ഹജ്ജ്.

## എന്താണ് സത്യസാക്ഷ്യം?

'ആരാധനയ്ക്ക് അല്ലാഹുവല്ലാതെ ആരും തന്നെ അർഹനല്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്ന പ്രതിജ്ഞാവാചകം ചൊല്ലിക്കൊണ്ടാണ് ഒരാൾ മുസ്‌ലിമാകുന്നത്. ഏകനായ സ്രഷ്ടാവിനല്ലാതെ മറ്റാർക്കും യാതൊരു ആരാധനയും അർപ്പിക്കുകയില്ലെന്നും മുഹമ്മദ് നബി(സ)യുടെ ജീവിതത്തെ മാതൃകയാക്കി സ്വന്തം ജീവിതത്തെ മുന്നോട്ട് നയിച്ചുകൊള്ളാമെന്നും പ്രതിജ്ഞയെടുക്കുകയാണ് ഈ സാക്ഷ്യവചനം ചൊല്ലുന്നയാൾ ചെയ്യുന്നത്.

## എന്താണ് നമസ്കാരം?

അഞ്ചു നേരത്തെ നിർബന്ധ നമസ്കാരം ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണ്. അരുണോദയത്തിന് മുമ്പും മധ്യാഹ്നത്തിലും സായാഹ്നത്തിലും സൂര്യാസ്തമയത്തിന് ശേഷവും രാത്രിയുമാണ് നിർബന്ധ നമസ്കാരത്തിന്റെ സമയങ്ങൾ. അംഗശുദ്ധിവരുത്തി ഭക്തിപൂർവം സർവശക്തനുമായി നട

ത്തുന്ന സംഭാഷണമാണ് നമസ്കാരം. മനസ്സിൽ പ്രതിജ്ഞയും പ്രാർത്ഥനയുമായി കൈകെട്ടി നിന്നും കുനിഞ്ഞും സാഷ്ടാംഗം നമിച്ചും ഇരുന്നും അഞ്ചുനേരം കൃത്യമായി സ്രഷ്ടാവുമായി സംഭാഷണത്തിലേർപ്പെടുന്ന യഥാർത്ഥ മുസ്ലിമിന്റെ ജീവിതം എല്ലാവിധ തെറ്റുകുറ്റങ്ങളിൽ നിന്നും മുക്തമായിരിക്കുമെന്നുറപ്പാണ്.

## എന്താണ് സകാത്ത്?

സ്വന്തം സ്വത്തിൽ നിന്ന് ഒരു വിഹിതം സമൂഹത്തിലെ അവശത അനുഭവിക്കുന്നവർക്കുവേണ്ടി നീക്കിവെക്കുവാൻ മുസ്ലിംകൾ ബാധ്യസ്ഥരാണ്. ഈ നിർബന്ധ ദാനമാണ് സകാത്ത്. നാണയസമ്പത്തിനും കച്ചവടച്ചരക്കുകൾക്കും വർഷത്തിൽ രണ്ടര ശതമാനവും കാർഷികവിളകൾക്ക് പത്ത് ശതമാനവു(ജലസേചനം ചെയ്യുന്നതാണെങ്കിൽ അഞ്ചു ശതമാനം)മാണ് സകാത്ത്. സകാത്ത് കൊടുക്കുന്നതിന് അർഹമാകുവാൻ ഓരോന്നിനും ഓരോ ചുരുങ്ങിയ പരിധികൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. സകാത്ത് കൊടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്ന് ഇസ്ലാമിക രാഷ്ട്രമോ അതില്ലെങ്കിൽ സമൂഹം ഉത്തരവാദപ്പെടുത്തിയ സ്ഥാപനമോ അത് പിരിച്ചെടുത്ത് അർഹരായവർക്ക് വിതരണം ചെയ്യുകയാണ് വേണ്ടത്.

> *അവരെ ശുചീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുക്കളിൽ നിന്ന് നീ വാങ്ങുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.- ഖുർആൻ 9:103*

## എന്താണ് വ്രതാനുഷ്ഠാനം?

ഒരു മാസം പകൽസമയം മുഴുവൻ ഭക്ഷണപാനീയങ്ങളിൽനിന്നും ലൈംഗികബന്ധത്തിൽനിന്നും ഒഴിഞ്ഞുനിന്ന് വ്രതമനുഷ്ഠിക്കേണ്ടത് മുസ്ലിംകളുടെ ബാധ്യതയാണ്. ഖുർആൻ അവതരിപ്പിക്കപ്പെട്ട റമദാൻ മാസമാണ് വ്രതാനുഷ്ഠാനത്തി

*ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യാസത്യവിവേചകവുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദ്വാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. - ഖുർആൻ 2: 185*

നുവേണ്ടി നിർദേശിക്കപ്പെട്ടിരിക്കുന്നത്. ദൈവേച്ഛയുടെ മുമ്പിൽ സ്വന്തം ഇച്ഛയെ സമർപ്പിക്കുകയാണ് വ്രതാനുഷ്ഠാനത്തിലൂടെ മുസ്ലിം ചെയ്യുന്നത്.

### എന്താണ് ഹജ്ജ്?

ആരോഗ്യവും സാമ്പത്തിക ശേഷിയുമുള്ള ഓരോ മുസ്ലിമും ജീവിതത്തിലൊരിക്കൽ മക്കയിലേക്ക് തീർഥാടനം നടത്തണമെന്നാണ് ഇസ്ലാമിക വിധി. ഈ തീർഥാടനമാണ് ഹജ്ജ്. വ്യത്യസ്ത ദേശക്കാരും ഭാഷക്കാരും വർണ്ണക്കാരുമായി ലക്ഷക്കണക്കിനാളുകൾ ഹജ്ജ് മാസത്തിൽ മക്കയിൽ ഒരുമിച്ചു കൂടുന്നു. മനസ്സിൽ ഒരേ ചിന്ത. ചുണ്ടിൽ ഒരേ മന്ത്രം. ധരിച്ചത് ഒരേതരം വസ്ത്രങ്ങൾ- പുരുഷന്മാർ വെളുത്ത രണ്ടു തുണികൾ മാത്രം· ഒന്ന് ഉടുക്കാനും മറ്റൊന്ന് പുതയ്ക്കാനും. (സ്ത്രീകൾക്ക് ശരീരഭാഗങ്ങൾ വെളി

*വാക്കിലോ പ്രവൃത്തിയിലോ അശ്ലീലം വരാതെയും തെമ്മാടിത്തം പ്രവർത്തിക്കാതെയും ആരെങ്കിലും അല്ലാഹുവിന് ഹജ്ജ് ചെയ്താൽ അവൻ മാതാവിന്റെ വയറ്റിൽ നിന്നു പിറന്നുവീണ ദിവസത്തിലെന്നപോലെയായിത്തീരും. (മുഹമ്മദ് നബി)*

വകാശം; മുഖവും മുൻകൈയും ഒഴിച്ചുള്ളവയെല്ലാം മറയ്ക്കുന്ന അയഞ്ഞ വസ്ത്രം.) ഇസ്‌ലാമിന്റെ ഏകമാനവതാ സിദ്ധാന്തം ഹജ്ജിൽ പ്രായോഗികമായി പ്രകടിപ്പിക്കപ്പെടുകയാണ് മുതലാളിയോ തൊഴിലാളിയോ കറുത്തവനോ വെളുത്തവനോ ഉന്നതകുലജാതനോ അധമനോ സ്വദേശിയോ വിദേശിയോ ഒന്നുമില്ലാത്ത ഏകമാനവത - ഒരേ ഒരു ദൈവം മാത്രം; അവന്റെ ദാസന്മാരായ ഒരൊറ്റ ജനതയും.

## എന്താണ് കഅ്ബ?

മക്കയിലെ പുരാതനമായ ദേവാലയത്തിന്റെ പേരാണ് കഅ്ബ. സർവശക്തനെ ആരാധിക്കുവാൻ ആദ്യമായി സ്ഥാപിക്കപ്പെട്ട ഭവനമാണത്. ദൈവകൽപന പ്രകാരം തന്റെ കുഞ്ഞിനെയും ഭാര്യയെയും പ്രവാചകനായ ഇബ്റാഹീം(അ) ഉപേക്ഷിച്ചുപോയത് കഅ്ബയുടെ പരിസരത്തായിരുന്നു. ഇബ്റാഹീമും പുത്രനായ ഇസ്മാഈലും കൂടിയാണ് ദൈവകൽപന പ്രകാരം കഅ്ബയുടെ പുനർനിർമാണം നടത്തിയത്. മുസ്‌ലിംകൾ നമസ്കരിക്കുന്നതും കഅ്ബക്കഭിമുഖമായിക്കൊണ്ടാണ്. ഹജ്ജിലെ കർമങ്ങൾ കഅ്ബയുടെ പരിസരങ്ങളിൽ വെച്ചാണ് നിർവഹിക്കപ്പെടുന്നത്.

## മുസ്‌ലിംകൾ കഅ്ബയെ ആരാധിക്കുന്നുണ്ടോ?

ഇല്ല. മുസ്‌ലിംകൾ സർവലോക സ്രഷ്ടാവിനെ മാത്രമാണ് ആരാധിക്കുന്നത്. കഅ്ബ ഒരു സൃഷ്ടിയാണ്. ഏകദൈവത്തെ ആരാധിക്കുവാൻ ആദ്യമായി നിർമിക്കപ്പെട്ട മന്ദിരമെന്ന നിലയ്ക്ക് കഅ്ബയെ മുസ്‌ലിംകൾ ആദരിക്കുന്നു. കഅ്ബക്കു ചുറ്റും നടക്കുന്ന ഹജ്ജിലെ കർമങ്ങൾ കഅ്ബയോടുള്ള പ്രാർഥനയുൾക്കൊള്ളുന്നില്ല. കഅ്ബക്ക് അഭിമുഖമായി നിന്നുകൊണ്ടുള്ള നമസ്കാരത്തിലും സ്ഥിതി ഇതു തന്നെ. കഅ്ബയെ ആരാധിക്കുകയോ അതിനോട് പ്രാർഥിക്കുകയോ ചെയ്യുന്നവൻ ഇസ്‌ലാമിക വൃത്തത്തിനു പുറത്താണ്.

> നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കന്നും ചോദിച്ചുവരുന്നവർക്കും അടിമമോചനത്തിന്നും നൽകുകയും പ്രാർത്ഥന മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും കരാറിലേർപ്പെട്ടാൽ അത് നിറവേറ്റുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാന്മാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ. - ഖുർആൻ 2: 177

## നന്മതിന്മകളെക്കുറിച്ച ഇസ്‌ലാമിക വീക്ഷണമെന്ത്?

നന്മയും തിന്മയും കൃത്യമായി വ്യവച്ഛേദിച്ച് മനസ്സിലാക്കുവാൻ മനുഷ്യർക്ക് കഴിയില്ല. നന്മയെന്താണെന്നും തിന്മയെന്താണെന്നും പഠിപ്പിക്കുന്നതിനുവേണ്ടിയാണ് സർവ്വശക്തൻ പ്രവാചകന്മാരെ പറഞ്ഞയച്ചത്. പ്രവാചകന്മാരിൽ അന്തിമനാണ് മുഹമ്മദ് നബി(സ).

അപ്പോൾ മുഹമ്മദി(സ)നു ശേഷമുള്ള മനുഷ്യരെ സംബന്ധിച്ചിടത്തോളം നന്മതിന്മകളുടെ മാനദണ്ഡം മുഹമ്മദി(സ)ന്റെ ജീവിതവും അദ്ദേഹത്തിലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമായ ഖുർആനുമാണ്. ഓരോ വിഷയത്തിലുമുള്ള നന്മയേത് തിന്മയേത് എന്നു മനസ്സിലാക്കുവാൻ ഖുർആനിലേക്കും മുഹമ്മദി(സ)ന്റെ ജീവിതമാതൃകയിലേക്കും നോക്കിയാൽ മതി.

'കാരുണ്യം എടുത്തുമാറ്റപ്പെടുക ഹതഭാഗ്യനിൽ നിന്നു മാത്രമാണ്.'

'ഒരാൾ തന്റെ സഹോദരന്റെ അസാന്നിധ്യത്തിൽ അയാളുടെ അഭിമാനസംരക്ഷണത്തിനുവേണ്ടി പ്രയത്നിച്ചാൽ അയാളെ നരകവിമുക്തനാക്കൽ അല്ലാഹുവിന്റെ ബാധ്യതയായി.'

'സൃഷ്ടികൾ അല്ലാഹുവിന്റെ ആശ്രിതരാണ്. തന്റെ ആശ്രിതർക്ക് ഉപകാരം ചെയ്തുകൊടുക്കുന്നവരാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവർ.'

'ലജ്ജ ഗുണമല്ലാതെ വരുത്തുകയില്ല.'

'പുണ്യം സൽസ്വഭാവമാണ്. പാപം നിന്റെ ഹൃദയത്തിൽ സംശയം തോന്നുകയും ജനങ്ങൾ കാണുന്നത് നീ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന കാര്യമേതോ അതാണ്.'

'സത്യവിശ്വാസി സാത്വികനും മാന്യതയുള്ളവനുമായിരിക്കും. ദുർവൃത്തികാരി വഞ്ചകനും മാന്യതയില്ലാത്തവനുമായിരിക്കും.'

മുഹമ്മദ് നബി(സ)

**മുസ്‌ലിമിന്റെ സ്വഭാവസവിശേഷതകൾ എന്തെല്ലാമായിരിക്കണം?**

സത്യസന്ധത, നീതിനിഷ്ഠ, കരാർപാലനം, ക്ഷമ, സഹനം, കാരുണ്യം, വിനയം, വാത്സല്യം, ലജ്ജ, മാന്യത, സ്നേഹം, ആദരവ് തുടങ്ങിയ സ്വഭാവങ്ങളെല്ലാം മുസ്‌ലിമിന്റെ ഓരോ പ്രവർത്തനങ്ങളിലുമുണ്ടാവണമെന്നാണ് ഖുർആനും നബിമൊഴികളും നിഷ്കർഷിക്കുന്നത്.

**മുസ്‌ലിമിൽ ഉണ്ടാവാൻ പാടില്ലാത്ത സ്വഭാവങ്ങളെന്തെല്ലാം?**

കാപട്യം, അസൂയ, അത്യാഗ്രഹം, വിദ്വേഷം, വഞ്ചന, ധൂർ

"രണ്ടു കാര്യങ്ങൾ സത്യവിശ്വാസിയിൽ ഒരുമിച്ചുകൂടുകയില്ല. പിശുക്കും ദുസ്വഭാവവും."

"ചതിയനും, പിശുക്കനും, ചെയ്ത ഉപകാരങ്ങൾ എടുത്തുപറയുന്നവനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല."

"കോപം പൈശാചികമാണ്."

"ഏഷണിക്കാരൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല."

"നാലു കാര്യങ്ങൾ ആരിലെങ്കിലുമുണ്ടായാൽ അയാൾ തനി കപടനായി. അവയിൽ ഒരു കാര്യമാണ് ഒരാളിലുണ്ടായതെങ്കിൽ അതൊഴിവാക്കുന്നതുവരെ കാപട്യത്തിന്റെ ഒരു അടയാളം അയാളിലുണ്ടായിരിക്കും. വിശ്വസിച്ചാൽ ചതിക്കുക, സംസാരിച്ചാൽ കള്ളം പറയുക, കരാർ ചെയ്താൽ വഞ്ചിക്കുക, പിണങ്ങിയാൽ തെറി വിളിച്ചുപറയുക ഇവയാണാ കാര്യങ്ങൾ."

"നിന്റെ സഹോദരൻ നിന്നെ വിശ്വസിക്കുന്ന ഒരു കാര്യത്തിൽ നീ അവനോട് കളവുപറയുകയെന്നത് കൊടുംവഞ്ചനയാണ്."

മുഹമ്മദ് നബി(സ)

ത്, പിശുക്ക്, അഹങ്കാരം, കൃത്രിമത്വം, പൊങ്ങച്ചം, പരിഹസിക്കൽ, കള്ളം പറയൽ, ഏഷണി, പരദൂഷണംപറയൽ, മുൻകോപം എന്നീ സ്വഭാവങ്ങളൊന്നും മുസ്‌ലിമിൽ ഉണ്ടാവാൻ പാടില്ലെന്നാണ് ഖുർആനും നബിവചനങ്ങളും വ്യക്തമാക്കുന്നത്.

## ഭക്ഷണത്തിന്റെ കാര്യത്തിലുള്ള ഇസ്‌ലാമിക നിലപാടെന്താണ്?

ഭക്ഷണപാനീയങ്ങൾ പൂർണമായും ഉപേക്ഷിച്ചുകൊണ്ടാണ് മോക്ഷം നേടേണ്ടത് എന്ന നിലപാടിനോട് ഇസ്‌ലാം യോജിക്കുന്നില്ല. എല്ലാ നല്ല ഭക്ഷണപാനീയങ്ങളും ഉപയോഗിക്കു

*'നിനക്ക് ആരോഗ്യമുണ്ടായിരിക്കുകയും നിന്നെ പിശുക്ക് ബാധിക്കുകയും നീ ദാരിദ്ര്യത്തെ ഭയപ്പെടുകയും സമ്പന്നതയെ കാംക്ഷിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ നീ ചെയ്യുന്ന ദാനമാണ് ഏറ്റവുമധികം പ്രതിഫലം ലഭിക്കുന്ന ദാനം.*

*'ജീവിച്ചിരിക്കുന്ന കാലത്ത് ഒരു ദിർഹം ദാനം ചെയ്യുന്നത് മരിക്കാൻ നേരത്ത് നൂറു ദിർഹം ദാനം ചെയ്യുന്നതിനേക്കാൾ എത്രയോ ഉത്തമമാണ്.'*

*'കൊടുത്ത ദാനം തിരിച്ചുവാങ്ങുന്നവൻ ഛർദിച്ചതു തിന്നുന്ന നായയെപ്പോലെയാകുന്നു.'*

*'ധനികന്മാരെ മാത്രം ക്ഷണിക്കുകയും ദരിദ്രന്മാർ അവഗണിക്കപ്പെടുകയും ചെയ്യുന്ന സദ്യയുടെ ഭക്ഷണം വളരെ മോശപ്പെട്ട ഭക്ഷണമാണ്.'*

*- മുഹമ്മദ് നബി.*

വാൻ അനുവദിക്കുന്നതിനോടൊപ്പം തന്നെ ഈ രംഗത്ത് അമിതത്വം പാടില്ലെന്ന് ഇസ്‌ലാം പ്രത്യേകമായി നിഷ്കർഷിക്കുന്നുണ്ട്. ശവം, പന്നിമാംസം, രക്തം, മദ്യം, ദൈവേതരരുടെ പേരിൽ അറുക്കപ്പെട്ടത് തുടങ്ങിയ നിഷിദ്ധമാക്കപ്പെട്ട ഭക്ഷണ പാനീയങ്ങളിൽ നിന്ന് പൂർണമായും ഒഴിഞ്ഞുനിൽക്കുന്നവനാണ് യഥാർഥ മുസ്‌ലിം.

## വസ്ത്രധാരണത്തെക്കുറിച്ച ഇസ്‌ലാമിക വിധിയെന്താണ്?

വസ്ത്രം അലങ്കാരത്തിനും നഗ്നത മറയ്ക്കാനുമുള്ളതാണ്. വസ്ത്രധാരണത്തിൽ അമിതത്വവും അഹങ്കാരവുമുണ്ടാകുവാൻ പാടില്ല. സ്ത്രീകളും പുരുഷന്മാരുമെല്ലാം മാന്യമായി വസ്ത്രം ധരിക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. നഗ്നത മറയ്ക്കുകയാണ് വസ്ത്രധാരണത്തിന്റെ പരമപ്രധാനമായ

മൽപിടുത്തത്തിൽ അപരനെ തള്ളിയിടുന്നതിലൂടെയല്ല ശക്തനെ തിരുമാനിക്കേണ്ടത്. ദ്വേഷ്യം വരുമ്പോൾ സ്വന്തം മനസ്സിനെ കീഴ്പെടുത്തുന്നവനാണ് ശക്തൻ.'

'വിൽക്കുമ്പോഴും വാങ്ങുമ്പോഴും കടം കൊടുത്തത് തിരിച്ചുചോദിക്കുമ്പോഴും വിട്ടുവീഴ്ചാ മനഃസ്ഥിതി കാണിക്കുന്ന മനുഷ്യനോട് അല്ലാഹു കരുണ ചെയ്യട്ടെ.'

'ഏറ്റവും ശ്രേഷ്ഠമായ സമരം അക്രമിയായ ഭരണാധികാരിയുടെ മുമ്പിൽ നീതിയുടെ വാക്കു പറയലാണ്.'

മുഹമ്മദ് നബി(സ)

ലക്ഷ്യം പുരുഷനും സ്ത്രീയും അപരനിൽ ലൈംഗിക വികാരമുണ്ടാക്കുന്ന രീതിയിൽ വസ്ത്രം ധരിക്കാൻ പാടില്ല. സ്ത്രീ അവളുടെ മുഖവും മുൻകൈയുമൊഴിച്ച് ബാക്കി ശരീരഭാഗങ്ങളെല്ലാം പൂർണമായി മറച്ചിരിക്കണം. അവളുടെ വിശുദ്ധി കാത്തുസൂക്ഷിക്കുകയും അവൾ ആക്രമിക്കപ്പെടാതിരിക്കുന്ന അവസ്ഥ സംജാതമാക്കുകയുമാണ് ഈ വസ്ത്രധാരണത്തിന്റെ ലക്ഷ്യം.

'സൽസ്വഭാവങ്ങളുടെ പൂർത്തീകരണത്തിനാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്.'

- മുഹമ്മദ് നബി.

'അല്ലാഹു നിങ്ങളുടെ രൂപത്തിലേക്കോ സമ്പത്തിലേക്കോ അല്ല നോക്കുന്നത്. അവൻ നോക്കുന്നത് നിങ്ങളുടെ മനസ്സിലേക്കും പ്രവർത്തനങ്ങളിലേക്കുമാണ്.' - മുഹമ്മദ് നബി

## വിനോദങ്ങളെ ഇസ്‌ലാം എങ്ങനെ കാണുന്നു?

മാനസികവും ശാരീരികവുമായ ഉല്ലാസത്തിനുതകുന്ന വി

*'ആരെങ്കിലും ഒരു ചാൺ ഭൂമി അക്രമിച്ചു കൈവശപ്പെടുത്തിയാൽ (പരലോകത്ത്) അത് ഏഴു ഭൂമിയിൽ നിന്നുമെടുത്ത് അവന്റെ കഴുത്തിലിടും.'*

*'ആരെങ്കിലും സമ്പാദിക്കുവാൻ വേണ്ടി യാചന നടത്തുകയാണെങ്കിൽ തീക്കട്ടയാണ് അയാൾ യാചിച്ചുവാങ്ങുന്നത്.'*

*'വല്ലവനും കീർത്തി ലാക്കാക്കിയാൽ അല്ലാഹു അവനെ അപകീർത്തിപ്പെടുത്തും. വല്ലവനും പുറമെ കാണിക്കാൻ കർമ്മം ചെയ്താൽ അവനാഗ്രഹിക്കാത്ത വിധത്തിൽ അല്ലാഹു അവനെ കാണിക്കും.'*

*'വിനാശകരമായ ഏഴു പാപങ്ങൾ നിങ്ങൾ വർജ്ജിക്കുക. അല്ലാഹുവോട് പങ്കു ചേർക്കുക, മാരണം ചെയ്യുക, അല്ലാഹു ആദരിച്ച ജീവനെ അന്യായമായി കൊലപ്പെടുത്തുക, പലിശ തിന്നുക, അനാഥയുടെ ധനം തിന്നുക, ഘോരയുദ്ധം നടക്കുമ്പോൾ പിന്തിരിഞ്ഞോടുക, പതിവ്രതകളും സത്യവിശ്വാസിനികളും ദുർന്നടപ്പെന്തെന്നറിയാത്തവരുമായ സ്ത്രീകളെപ്പറ്റി കുറ്റാരോപണം ഉന്നയിക്കുക ഇവയാണവ.'*

*- മുഹമ്മദ് നബി(സ)*

നോദങ്ങളെ ഇസ്‌ലാം അനുവദിക്കുകയും അവ ഒരിക്കലും അതിരു കവിയരുതെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. ദൈവബോധത്തിൽ നിന്ന് മനുഷ്യരെ അകറ്റുകയും ധാർമ്മികമായി അവരെ അധഃപതിപ്പിക്കുകയും ചെയ്യുന്ന വിനോദങ്ങളെയെല്ലാം ഇസ്‌ലാം വെറുക്കുന്നു.

> *നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" - ഖുർആൻ 30: 21*

## വിവാഹത്തെക്കുറിച്ച ഇസ്‌ലാമിക വീക്ഷണമെന്താണ്?

മനുഷ്യസഹജമായ ലൈംഗികവികാരത്തിന്റെ പരിപൂർത്തീകരണം വിവാഹത്തിലൂടെ മാത്രമേ ആകാവൂവെന്നാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത് വിവാഹം ഒരു പുണ്യകർമമാണ്. ബ്രഹ്മചര്യം ശക്തമായി നിരോധിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാം വിവാഹത്തെ കാണുന്നത് വിശുദ്ധമായ ഒരു കരാറായിക്കൊണ്ടാണ്. വൈവാഹിക ജീവിതത്തിൽ ഇണകൾ രണ്ടുപേരും സ്വീകരിക്കേണ്ട വിധിവിലക്കുകൾ ഇസ്‌ലാം നൽകുന്നുണ്ട്. ഈ വിധിവിലക്കുകൾ അനുസരിക്കുന്നതുവഴി സംതൃപ്തമായ വൈവാഹികജീവിതവും സമാധാനപൂർണമായ മരണാനന്തരജീവിതവും ലഭിക്കുമെന്നതാണ് വാസ്തവം.

> *'ഇഹലോകം മുഴുവൻ അനുഭവിക്കാനുള്ളതാണ്. ഇഹത്തിലെ ഏറ്റവും നല്ല അനുഭവം നല്ല സ്ത്രീയത്രെ' മുഹമ്മദ് നബി(സ)*

## ഇസ്‌ലാമിലെ വിവാഹമെങ്ങനെയാണ്?

സ്ത്രീയുടെ സമ്മതത്തോടെ അവളുടെ രക്ഷിതാവ് പുരുഷന് തന്റെ മകളെ അഥവാ സംരക്ഷണത്തിൽ കഴിയുന്നവളെ ഏൽപിച്ചുകൊടുക്കുകയും പുരുഷൻ അത് ഏറ്റെടുക്കുകയും ചെയ്യുന്ന ലളിതമായ ഒരു ചടങ്ങാണ് ഇസ്‌ലാമിലെ വിവാ

*'മനുഷ്യന് നിക്ഷേപിച്ചുവയ്ക്കാവുന്നതിൽ ഏറ്റവും നല്ലത് എന്താണെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞുതരട്ടെയോ? നല്ല ഒരു ഭാര്യ- നോക്കിയാൽ സന്തോഷം നൽകുന്ന. കൽപിച്ചാൽ അനുസരിക്കുന്ന. ഭർത്താവിന്റെ അഭാവത്തിൽ അയാൾക്ക് അവകാശപ്പെട്ടതെല്ലാം സൂക്ഷിക്കുന്ന ഒരു ഭാര്യ'*

*- മുഹമ്മദ് നബി(സ)*

ഹം. വിവാഹാവസരത്തിൽ പുരുഷൻ സ്ത്രീക്ക് വിവാഹമൂല്യം നൽകണമെന്നാണ് ഇസ്ലാം നിഷ്കർഷിക്കുന്നത്.

**കുടുംബത്തിലെ പുരുഷന്റെയും സ്ത്രീയുടെയും ബാധ്യതകളെന്തൊക്കെയാണ്?**

ദാമ്പത്യജീവിതത്തിൽ പുരുഷന്റെയും സ്ത്രീയുടെയും ബാധ്യതകളും അവകാശങ്ങളും വ്യത്യസ്തവും അതോടൊപ്പം പരസ്പരപൂരകവുമാണ് എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ഗൃഹപരിപാലനവും സന്താന സംരക്ഷണവും സ്ത്രീയുടെ ചുമതലയാണ്. ഗൃഹസംരക്ഷണവും ജീവിതായോധനവും പുരുഷന്റെ കടമയുമാണ്. സ്ത്രീയിലെ മാതൃത്വത്തെ ആദരിക്കുന്ന ഇസ്ലാം അവളെയും കുഞ്ഞുങ്ങളെയും പോറ്റേണ്ട പൂർണ്ണ ഉത്തരവാദിത്വം പുരുഷനിലാണ് ഭരമേൽപിച്ചിരിക്കുന്നത്.

**ബഹുഭാര്യാത്വത്തെക്കുറിച്ച ഇസ്ലാമിക വീക്ഷണമെന്ത്?**

ബഹുഭാര്യത്വം ഇസ്ലാം അനുവദിക്കുന്നു; ഭാര്യമാർക്കിടയിൽ നീതിയോടെ വർത്തിക്കണമെന്ന നിബന്ധനയോടെ. നാലു ഭാര്യമാരിൽ കവിയരുത്. വിവാഹേതര ലൈംഗികബന്ധങ്ങൾ മ്ലേച്ഛവൃത്തിയും പാപവുമാണ്. ഒരു കാരണവശാലും പരസ്ത്രീഗമനം പാടില്ലെന്ന് നിഷ്കർഷിക്കുന്ന ഇസ്ലാം ഏകപത്നീവ്രതം കൊണ്ട് ലൈംഗികദാഹം ശമിപ്പിക്കാനാവാത്ത പുരുഷന്മാർക്ക് ബഹുഭാര്യത്വം അനുവദിക്കുന്നു. ഒന്നിലധികം

*'ഭാര്യയ്ക്ക് ഭർത്താവിൽ നിന്നു ലഭിക്കേണ്ടവ: നീ ഭക്ഷിക്കുന്നുവെങ്കിൽ അവളെയും ഭക്ഷിപ്പിക്കുക. നീ വസ്ത്രം ധരിക്കുന്നുവെങ്കിൽ അവളെയും വസ്ത്രം ധരിപ്പിക്കുക. മുഖത്തടിക്കുകയോ വൈരൂപ്യം വരുത്തുകയോ ചെയ്യരുത്. വീട്ടിൽ വെച്ചല്ലാതെ പിണങ്ങിനിൽക്കരുത്'*

*'സ്ത്രീകളുമായി ഏറ്റവും ഉത്തമമായ നിലയിലേ വർത്തിക്കാവൂ എന്ന എന്റെ ഉപദേശം നിങ്ങൾ സ്വീകരിക്കണം. നിങ്ങളുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിങ്ങളോട് ബന്ധപ്പെട്ടുനിൽക്കുന്നവരാണവർ. മറ്റൊരധികാരവും അവരുടെ മേൽ നിങ്ങൾക്കില്ല; അവർ വ്യക്തമായ വല്ല നീചവൃത്തികളിലും ഏർപ്പെട്ടെങ്കിലല്ലാതെ. അങ്ങനെ വല്ലതും ചെയ്താൽ നിങ്ങളവരിൽ നിന്ന് വിട്ടുമാറി കിടക്കുക. മുറിവുണ്ടാക്കാത്ത വിധം അവരെ അടിക്കുകയും ചെയ്യുക. അങ്ങനെ നിങ്ങളെ അവർ അനുസരിച്ചു കഴിഞ്ഞാൽ യാതൊരു അക്രമമാർഗവും അവർക്കെതിരിൽ നിങ്ങൾ അന്വേഷിച്ചുപോകരുത്.'*

*- മുഹമ്മദ് നബി(സ)*

സ്ത്രീകളുമായി ലൈംഗികബന്ധത്തിലേർപ്പെടുകയും അവരോടുള്ള ബാധ്യത അപ്പോൾ തന്നെ തീർക്കുകയും ചെയ്യുന്ന നികൃഷ്ടമായ സമ്പ്രദായത്തെ ഇസ്‌ലാം പൂർണമായി നിരോധിക്കുന്നു. ഇതിനു പകരം അനിവാര്യമായ സാഹചര്യത്തിൽ ഒന്നിലധികം സ്ത്രീകളെ നിയമാനുസൃത ഭാര്യമാരാക്കി അവരെ സംരക്ഷിക്കുകയും അവരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുകയും അവരോട് തുല്യ നീതിയിൽ വർത്തിക്കുകയും ചെയ്യുന്ന പരിശുദ്ധമായ സംവിധാനമാണ് ഇസ്‌ലാം അനുവദിക്കുന്നത്. ബഹുഭാര്യാത്വം വ്യക്തിപരമായ ആവശ്യമെന്നതിലുപരിയായി സാമൂഹികമായ ഒരു അനിവാര്യതയായിത്തീ

*'ഭാര്യമാരെ അടിക്കുന്നവർ മാന്യന്മാരല്ല'.*

*'ഭർത്താവ് തന്നിൽ സംതൃപ്തനായിരിക്കുന്ന അവസ്ഥയിൽ മരണപ്പെടുന്ന ഏത് സ്ത്രീയും സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്'.*

*'നിങ്ങൾക്ക് സ്ത്രീകളിൽ ചില അവകാശങ്ങളുണ്ട്. നിങ്ങളുടെ ഭാര്യമാർക്ക് നിങ്ങളിലും ചില അവകാശങ്ങളുണ്ട്. ഭർത്താവിന്റെ വിരിപ്പിൽ നിന്ന് മാറിനിൽക്കാതിരിക്കുക. അദ്ദേഹത്തോട് സത്യസന്ധത പുലർത്തുക, കൽപനകൾ അനുസരിക്കുക. അനുവാദമില്ലാതെ വീട്ടിൽ നിന്ന് പുറത്തുപോകാതിരിക്കുക. അദ്ദേഹം വെറുക്കുന്നവരെ വീട്ടിൽ പ്രവേശിപ്പിക്കാതിരിക്കുക. ഇതെല്ലാമാണ് ഭർത്താവിനോടുള്ള ബാധ്യതകൾ'.*

*- മുഹമ്മദ് നബി(സ)*

രുന്ന സന്ദർഭങ്ങളുണ്ട്. സമൂഹത്തിലെ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ വർധിക്കുന്ന അവസരങ്ങളിലാണിത്. പൊതുവെ സമൂഹത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകളാണുണ്ടാവുക. (ഇന്ന് ലോകത്തിലെ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ ഏകദേശം പതിനേഴ് കോടി അധികം വരും). യുദ്ധകാലത്ത് ഈ അനുപാത വ്യത്യാസം വളരെ കൂടുതലായിത്തീരും. യുദ്ധത്തിൽ പുരുഷന്മാർ മരണപ്പെടാനാണല്ലോ സാധ്യത ഏറെയുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ ബഹുഭാര്യാത്വം ഒരു സാമൂഹികമായ അനിവാര്യതയായിത്തീരുമെന്നതുകൂടി കണക്കിലെടുത്തുകൊണ്ടാണ് ഇസ്‌ലാം അനുവദിച്ചിരിക്കുന്നത്.

## വിവാഹമോചനത്തെക്കുറിച്ച് ഇസ്‌ലാം എന്തുപറയുന്നു?

കുടുംബബന്ധം സുദൃഢമായി നിലനിൽക്കുന്നതിനാവശ്യമായ നിർദേശങ്ങളാണ് ഇസ്‌ലാം നൽകുന്നത്. ഈ നിർ

> 'നിങ്ങളാരും തന്നെ കന്നുകാലിയെപ്പോലെ തന്റെ പ്രിയതമയെ പ്രാപിക്കരുത്. അവർക്കിടയിൽ ഒരു ദൂതൻ ഉണ്ടായിരിക്കട്ടെ. ചുംബനവും സംസാരവുമാണീ ദൂതൻ'.
>
> 'പരസ്പരം അടുത്തിടപഴകിയ ശേഷം ഭാര്യയുടെ രഹസ്യങ്ങൾ പ്രചരിപ്പിക്കുന്ന പുരുഷനത്രെ പുനരുത്ഥാനനാളിൽ അല്ലാഹുവിന്റെ അടുത്ത് ഏറ്റവും മോശമായ അവസ്ഥയുള്ളവൻ'.
>
> -മുഹമ്മദ് നബി(സ)

ദേശങ്ങൾ പാലിച്ചുകൊണ്ടുള്ള ജീവിതം കുടുംബത്തിന്റെ കെട്ടുറപ്പിനും പ്രശ്നരഹിതമായ ദാമ്പത്യത്തിനും വഴിയൊരുക്കുന്നു. എന്നാൽ കുടുംബജീവിതത്തിൽ ഉണ്ടായേക്കാവുന്ന അസ്വാരസ്യങ്ങൾക്കുനേരെ ഇസ്‌ലാം കണ്ണടക്കുന്നില്ല. അച്ചടക്കലംഘനം കൊണ്ടുണ്ടാവുന്ന അസ്വാരസ്യങ്ങൾ വഴി കുടുംബബന്ധം മുറിഞ്ഞുപോകാതിരിക്കാൻ പ്രായോഗികവും ശാസ്ത്രീയവുമായ മൂന്ന് മാർഗങ്ങൾ ഇസ്‌ലാം നിർദേശിക്കുന്നു. ആദ്യം നല്ല രീതിയിൽ ഉപദേശിക്കുക; പിന്നെ ശയ്യ ബഹിഷ്കരിക്കുക; എന്നിട്ടും ശരിയാവുന്നില്ലെങ്കിൽ സുന്ദരാവയവങ്ങളെ സൂക്ഷിച്ചുകൊണ്ട് എളിയ രീതിയിൽ ശിക്ഷിക്കുക.

ഈ മൂന്ന് മാർഗങ്ങളും പരാജയപ്പെട്ടാൽ ഇണകളുടെ വീട്ടുകാർ തമ്മിൽ അനുരഞ്ജനത്തിന് ശ്രമിക്കുക. അങ്ങനെയും യോജിപ്പിക്കാനാവുന്നില്ലെങ്കിൽ മാന്യമായ രീതിയിൽ വിവാഹമോചനത്തിന് ഇസ്‌ലാം അനുവദിക്കുന്നു. അനിവാര്യമായ അവസരങ്ങളിൽ മാത്രമേ വിവാഹമോചനമാകാവൂ എന്നതാണ് ഇസ്‌ലാമിന്റെ അനുശാസന.

> 'അനുവദനീയമായതിൽ അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ളത് വിവാഹമോചനമാണ്'
>
> -മുഹമ്മദ് നബി(സ)

*നിങ്ങളെല്ലാവരും ഭരണാധികാരികളും അവരവരുടെ ഭരണീയരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവരുമാണ്. അമീർ ഭരണാധികാരിയാണ്. ഓരോ പുരുഷനും അയാളുടെ വീട്ടുകാരിൽ ഭരണം നടത്തേണ്ടവനാണ്. സ്ത്രീ ഭർതൃഗൃഹത്തിന്റെയും സന്തതികളുടെയും ഭരണാധികാരിയാണ്. അപ്പോൾ നിങ്ങൾ ഓരോരുത്തരും ഭരണാധികാരികളും അവരവരുടെ പ്രജകളെ സംബന്ധിച്ച് ഉത്തരവാദിത്തമുള്ളവരാണ്."*

*- മുഹമ്മദ് നബി(സ)*

## ആർക്കാണ് വിവാഹമോചനത്തിന് അധികാരം ?

ഇണയുമായി ഒരു രീതിയിലും പൊരുത്തപ്പെട്ട് പോകാനാവുകയില്ലെന്ന് ഉറപ്പുവന്ന സ്ത്രീക്കും പുരുഷനും വിവാഹമോചനമാകാവുന്നതാണ് രണ്ടുപേരും വിവാഹമോചിതരാവുന്ന രീതികൾ തമ്മിൽ അല്പസ്വല്പം വ്യത്യാസമുണ്ടെന്നുമാത്രം.

## സന്താനപരിപാലനത്തെക്കുറിച്ച് ഇസ്ലാം എന്തു പറയുന്നു?

കുടുംബജീവിതത്തിന്റെ അനുഗ്രഹങ്ങളായ സന്താനങ്ങളെ ഐഹികജീവിതത്തിനും മരണാനന്തരജീവിതത്തിനും ഉപകാരപ്പെടുന്ന രീതിയിൽ വളർത്തേണ്ടത് മാതാപിതാക്കളുടെ കടമയാണ് സന്താനങ്ങളുടെ ഭൗതികവും ആത്മീയവുമായ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളാണ്. അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം. അതോടൊപ്പം തന്നെ നന്മകൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും തിന്മകളിൽ നിന്ന് അവരെ തടഞ്ഞുനിർത്തുകയും വേണം. കുട്ടികളുടെ തെറ്റുകൾക്ക് ചെറിയ ശിക്ഷ നൽകുവാൻ ഇസ്ലാം അനുവദിക്കുന്നു. എന്നാൽ അതൊരിക്കലും അവർക്ക് അഭിമാനക്ഷതമുണ്ടാക്കുന്നതായിക്കൂടാ. സന്താനങ്ങളോട് തുല്യനിലയിൽ പെരുമാറ

'ചെറിയവരോട് കരുണ കാണിക്കാത്തവരും വലിയവരോട് ആദരവ് കാണിക്കാത്തവരും നമ്മിൽപെട്ടവരല്ല'

'ഒരു പിതാവിനു തന്റെ സന്തതിക്ക് നല്ല ശിക്ഷണത്തെക്കാൾ മഹത്തായ ഒരു സമ്മാനം നൽകാൻ കഴിയുകയില്ല'

'ഒരാൾക്ക് ഒരു പെൺകുട്ടിയുണ്ടായിട്ട് അവളെ (ഇസ്‌ലാം പൂർവ യുഗത്തിലേതുപോലെ) കുഴിച്ചുമൂടാതെ, നിന്ദിക്കാതെ, ആൺകുട്ടികൾക്ക് അവളെക്കാൾ മുൻഗണന നൽകാതെ വളർത്തിയാൽ അല്ലാഹു അയാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം തീർച്ചയായി'

മുഹമ്മദ് നബി(സ)

ണം. ആൺകുട്ടികളെയും പെൺകുട്ടികളെയും ഉച്ച നീചത്വങ്ങളില്ലാതെ ഒരേ രീതിയിൽ വളർത്തണമെന്നാണ് ഇസ്‌ലാമിന്റെ അനുശാസന.

## മാതാപിതാക്കളോടുള്ള പെരുമാറ്റത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തൊക്കെയാണ്?

സ്രഷ്ടാവിനോടുള്ള കടപ്പാടുകഴിഞ്ഞാൽ ഒരാൾ ഏറ്റ

'വൻപാപങ്ങളിൽ ഏറ്റവും വലുത് അല്ലാഹുവിൽ പങ്കുചേർക്കലും മാതാപിതാക്കളെ ധിക്കരിക്കലുമാണ്. പിതാക്കളെ വെറുക്കുന്നത് നന്ദികേടാണ്.'

'കുടുംബബന്ധംമുറിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല'

ദരിദ്രന് ദാനം ചെയ്യുമ്പോൾ അതൊരു ദാനമാണ്. എന്നാൽ രക്തബന്ധമുള്ള ആർക്കെങ്കിലുമാണ് അത് നൽകുന്നതെങ്കിലോ അത് ദാനവും കുടുംബബന്ധം പുലർത്തലും രണ്ടും കൂടിയായിരിക്കും.'

-മുഹമ്മദ് നബി(സ)

*തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ അവരിൽ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്നു പറയുകയോ അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവരിരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പയുകയും ചെയ്യുക.* *- ഖുർആൻ 17: 23,24*

വുമധികം കടപ്പെട്ടിരിക്കുന്നത് മാതാപിതാക്കളോടാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അവരെ ധിക്കരിക്കുകയും അവഗണിക്കുകയും അവരോട് അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നത് മഹാപാപമാണ് എന്നാൽ ദൈവവിരോധം പ്രവർത്തിക്കാൻ മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ അത് അനുസരിക്കാൻ പാടില്ല. എന്നാൽ അവർ അമുസ്‌ലിംകളാണെങ്കിൽപോലും അവരെ സംരക്ഷിക്കേണ്ടത് മുസ്‌ലിംകളായ സന്താനങ്ങളുടെ ബാധ്യതയാണ്. വാർദ്ധക്യാവസ്ഥയിലെത്തിയ മാതാപിതാക്കളുടെ സംരക്ഷണത്തിന്റെ പൂർണമായ ഉത്തരവാദിത്തം മക്കൾക്കാണുള്ളത്. വൃദ്ധരായ രക്ഷിതാക്കളോട് കയർക്കുന്നതും ചീത്ത വിളിക്കുന്നതുമെല്ലാം മഹാപാപമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

> ഹേ മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പുലർത്തുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയും ആകുന്നു.
>
> - ഖുർആൻ 49: 13

## ഇസ്‌ലാം വിഭാവനം ചെയ്യുന്ന സമൂഹമെങ്ങനെയുള്ളതാണ്?

മനുഷ്യരെല്ലാം ഏകദൈവത്തിന്റെ സൃഷ്ടികളും അവന്റെ സംരക്ഷണത്തിൽ കഴിയുന്നവരുമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഒരൊറ്റ പദാർഥത്തിൽ നിന്നാണ് - കളിമണ്ണിന്റെ സത്തയിൽനിന്ന് - എല്ലാവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മാനവരാശിയുടെ മുഴുവൻ ഉൽപത്തി ഒരൊറ്റ മാതാപിതാക്കളിൽ നിന്നാണ് - ആദമിൽ നിന്നും ഹവ്വയിൽനിന്നും. മനുഷ്യൻ പടച്ച ഉച്ചനീചത്വങ്ങൾക്ക് മനുഷ്യനെ പടച്ച സർവശക്തനുമുമ്പിൽ യാതൊരു സ്ഥാനവുമില്ല. ഏകദൈവത്തിനു മാത്രം ചെയ്യുന്ന ആരാധനയാണ് മനുഷ്യരെ ഒന്നിപ്പിക്കുന്ന ശക്തി. അവനുള്ള സാഷ്ടാംഗത്തിനു മുമ്പിൽ സങ്കുചിതത്വങ്ങളെല്ലാം പൊട്ടിത്തകരുന്നു. വിശ്വാസത്തിലൂന്നിയ കർമങ്ങളാണ് മനുഷ്യരെ ഉത്തമരാക്കുന്നതെന്ന ധാരണ വളരുമ്പോൾ ജന്മാവകാശമായി കിട്ടിയ തലക്കനങ്ങളെല്ലാം തരിപ്പണമാകുന്നു. ഒരേയൊരു ദൈവം മാത്രം - അവന്റെ സൃഷ്ടികളായ ഒരൊറ്റ ജനതയും. അവിടെ പണക്കാരനും പണിക്കാരനുമില്ല; സ്വദേശിയും വിദേശിയുമില്ല; സവർണനും അവർണനുമില്ല; തറവാട്ടുകാരനും താഴ്ന്നവനുമില്ല; മുതലാളിയും തൊ

*എന്റെ ജീവന്‍ ആരുടെ കയ്യിലാണോ അവനാണ് സത്യം തനിക്കിഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നത് വരെ ഒരാളും സത്യവിശ്വാസിയാവുകയില്ല*

*- മുഹമ്മദ് നബി(സ)*

ഴിലാളിയുമില്ല; എല്ലാവരും ഏകദൈവത്തിന്റെ ദാസന്മാര്‍ അവന്നു മുമ്പില്‍ മാത്രം സാഷ്ടാംഗം നമിക്കുന്നവര്‍ ഇതാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്ന സങ്കുചിതങ്ങളില്ലാത്ത സമൂഹത്തിന്റെ ചിത്രം

## അയല്‍പക്കബന്ധത്തെക്കുറിച്ച് ഇസ്‌ലാം എന്തുപറയുന്നു?

കുടുംബബന്ധത്തെപ്പോലെ തന്നെ സുദൃഢമായ ഒരു ബന്ധമായികൊണ്ടാണ് അയല്‍വാസികള്‍ തമ്മിലുള്ള ബന്ധത്തെ ഇസ്‌ലാം കാണുന്നത്. അയല്‍ക്കാരോട് നല്ല നിലയില്‍ വര്‍ത്തിക്കുകയും അവരെ ശല്യം ചെയ്യാതിരിക്കുകയും വേണമെന്ന് പ്രവാചകന്‍(സ) ഉപദേശിച്ചതായി കാണാന്‍കഴിയും. ഒരാളുടെ വ്യക്തിത്വത്തെക്കുറിച്ച് അയല്‍വാസി എന്തു പറയുന്നുവെന്നതാണ് നോക്കേണ്ടതെന്നാണ് അദ്ദേഹം പഠിപ്പിച്ചത്. അയല്‍വാസി പട്ടിണി കിടക്കുമ്പോള്‍ വയര്‍നിറച്ച് ഭക്ഷിക്കുന്നവന്‍ സത്യവിശ്വാസിയല്ലെന്നും കറി പാകംചെയ്യുമ്പോള്‍ അല്പം വെള്ളം ചേര്‍ത്ത് അധികരിപ്പിച്ചെങ്കിലും അയല്‍വാസിയെ പരിഗണിക്കണമെന്നും പറഞ്ഞ പ്രവാചകന്റെ ഉപദേശങ്ങളില്‍നിന്ന് അയല്‍വാസികള്‍ തമ്മിലുള്ള ബാധ്യത എത്രത്തോളം വലുതാണെന്ന് വ്യക്തമാവുന്നുണ്ട്.

## ഒരു മുസ്‌ലിമിന് വര്‍ഗീയവാദിയാവാന്‍ കഴിയുമോ?

ജന്മമല്ല, വിശ്വാസത്തിലധിഷ്ഠിതമായ കര്‍മങ്ങളാണ് ഒരാളുടെ മഹത്വം നിശ്ചയിക്കുന്നത് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. വര്‍ഗീയത, വംശീയത, ജാതീയത, വര്‍ണവെറി തുടങ്ങിയ ജന്മത്തിന്റെ അടിസ്ഥാനത്തിലുള്ള എല്ലാവിധ സങ്കുചി

*'നീ കറി പാകം ചെയ്താൽ അൽപം വെള്ളം ചേർത്ത് അധികരിപ്പിച്ചിട്ടെങ്കിലും അയൽവാസിയെ പരിഗണിക്കുക'*

*'നീ നല്ല വ്യക്തിയാണെന്ന് നിന്റെ അയൽവാസികൾ പറയുന്നത് കേട്ടാൽ നീ നല്ലയാളാണെന്ന് മനസ്സിലാക്കിക്കൊള്ളുക നീ ചീത്തയാളാണെന്ന് നിന്റെ അയൽവാസികൾ പറയുന്നത് കേട്ടാൽ നീ ചീത്തയാളാണെന്ന് മനസ്സിലാക്കിക്കൊള്ളുക.'*

*- മുഹമ്മദ് നബി(സ)*

തത്വങ്ങളുടെയും അടിവേരറുക്കുകയാണ് 'ഒരേയൊരു ദൈവം ഒരൊറ്റ ജനത' എന്ന മുദ്രാവാക്യത്തിലൂടെ ഇസ്‌ലാം ചെയ്യുന്നത്. '**വർഗീയതയിലേക്ക് ക്ഷണിക്കുന്നവനും വർഗീയതയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നവനും വർഗീയതക്കുവേണ്ടി മരിക്കുന്നവനും നമ്മിൽ പെട്ട**വനല്ല' എന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ച മുഹമ്മദ് നബി(സ)യുടെ അനുയായികൾക്ക് ഒരിക്കലും വർഗീയവാദികളാവാനാകില്ല.

## സാമ്പത്തിക രംഗത്തെ ഇസ്‌ലാമിക നിർദേശങ്ങൾ എന്തെല്ലാമാണ്?

ഭൂമിയിലെ അനുഗ്രഹങ്ങൾ മനുഷ്യർക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ് പ്രകൃതിവിഭവങ്ങളെ ഉപയോഗിക്കുവാനുള്ള അവകാശം എല്ലാ മനുഷ്യരുടേതുമാണ്. അധ്വാനിക്കുവാനും ധനം സമ്പാദിക്കുവാനും എല്ലാവർക്കും അവകാശമുണ്ട്. എന്നാൽ ധനസമ്പാദനം മറ്റുള്ളവരെ ചൂഷണം ചെയ്തുകൊണ്ടാവരുത് കച്ചവടം, കൃഷി, അധ്വാനം തുടങ്ങിയ മാർഗങ്ങളിലൂടെയെല്ലാം സമ്പാദ്യമാകാവുന്നതാണ് എന്നാൽ ഇവിടെയെല്ലാം പാലിക്കപ്പെടേണ്ട വ്യക്തമായ ധാർമിക നിർദേശങ്ങളുണ്ട്. ഈ ധാർമികനിയമങ്ങൾ പാലിച്ചുകൊണ്ട് ഓരോരുത്തരും സമ്പാദിക്കുന്നത് അവരുടേത് തന്നെയാണ്; സമൂഹ

'അല്ലാഹു നിനക്ക് സമ്പത്ത് നൽകിയിട്ടുണ്ടെങ്കിൽ ആ അനുഗ്രഹത്തിന്റെ ഛായയും മഹത്വവും അവൻ നിന്നിൽ കാണുമാറാകട്ടെ.'

'ഇഷ്ടമുള്ളത് ഭക്ഷിച്ചുകൊള്ളുക, ഇഷ്ടമുള്ളത് ധരിച്ചുകൊള്ളുക. രണ്ടു കാര്യങ്ങൾ - ധൂർത്തും അഹങ്കാരവും - നിന്നെ തീണ്ടാത്തപക്ഷം.'

'ആഡംബരത്തിൽ മുഴുകാതിരിക്കുക. ആഡംബര ജീവിതം ദൈവദാസൻമാർക്ക് അനുയോജ്യമല്ല.'

- മുഹമ്മദ് നബി(സ)

ത്തിന്റേതോ രാഷ്ട്രത്തിന്റേതോ അല്ല. എന്നാൽ ഈ സമ്പാദ്യത്തിൽ നിന്ന് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ആവശ്യത്തിനുവേണ്ടി ചെലവഴിക്കേണ്ടത് വ്യക്തികളുടെ ബാധ്യതയാണ്.

കച്ചവടം ഇസ്‌ലാം അനുവ

'സത്യസന്ധനും കണിശതപാലിക്കുന്നവനുമായ വ്യാപാരി അന്ത്യനാളിൽ പ്രവാചകന്മാർ, സത്യപാലകന്മാർ, രക്തസാക്ഷികൾ, സദ്‌വൃത്തർ എന്നിവരോട് കൂടെയായിരിക്കും.'

'വല്ലതും വിൽക്കുകയാണെങ്കിൽ ശരിക്കും അളന്നുകൊടുക്കുക. വാങ്ങിക്കുമ്പോൾ ശരിക്കും അളന്ന് വാങ്ങിക്കുകയും ചെയ്യുക.'

'വിൽപനച്ചരക്കുകളുടെ ന്യൂനതകൾ വിൽപനക്കാർ വാങ്ങുന്നവന് വിവരിച്ചുകൊടുക്കേണ്ടതാണ്. എങ്കിൽ ആ ഇടപാട് സ്വീകാര്യം തന്നെ. അല്ലാത്ത പക്ഷം അത് മ്ലേച്ഛവുമാണ്.'

'വഞ്ചനാസ്വഭാവമുള്ള എല്ലാ കച്ചവടങ്ങളും നിരോധിച്ചിരിക്കുന്നു.'

- മുഹമ്മദ് നബി(സ)

*"പൂഴ്ത്തിവെച്ചവൻ പാപിയാണ്."*

*"വലിയ വിലക്ക് വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ കുറ്റവാളിയാണ്."*

*"ക്രയവിക്രയവേളയിലും കടം മടക്കി ചോദിക്കുമ്പോഴും സൗമ്യമായി പെരുമാറുന്നവന്റെ മേൽ അല്ലാഹു കരുണ ചെയ്യട്ടെ."*

*"ഏറ്റവും നല്ലനിലയിൽ കടം വീട്ടുന്നവനാണ് നിങ്ങളിൽ ഉത്തമൻ."*

*"പലിശയ്ക്ക് പണം കൊടുക്കുന്നവന്റെമേലും പലിശയ്ക്ക് സാക്ഷ്യം വഹിക്കുന്നവന്റെ മേലും അല്ലാഹുവിന്റെ ശാപമുണ്ടാവുന്നതാണ്."*

*-മുഹമ്മദ് നബി(സ)*

ദിക്കുന്നു. പലിശ നിരോധിക്കുകയും ചെയ്യുന്നു. ലാഭം അനുവദിക്കുകയും പൂഴ്ത്തിവെപ്പും കൊള്ളലാഭവും നിരോധിക്കുകയും ചെയ്യുന്നു. കച്ചവടത്തിൽ കൃത്രിമത്വങ്ങളോ വഞ്ചനയോ ചൂഷണമോ ഉണ്ടാവാൻ പാടില്ല. ഉൽപ്പാദന രംഗം ചൂഷണമുക്തമാവണം. ഉൽപന്നത്തിന്റെ ന്യൂനതകൾ മറച്ചുവെച്ചുകൊണ്ട് അതിന് മാർക്കറ്റുണ്ടാക്കുവാൻ പാടില്ല. പിശുക്കും ധൂർത്തും പാടില്ല. സാമ്പത്തിക വിഷമതകളനുഭവിക്കുന്നവരെ സഹായിക്കേണ്ടത് സമൂഹമാണ്. അതിന്നുവേണ്ടിയാണ് ഇസ്‌ലാം സകാത്ത് വ്യവസ്ഥ നടപ്പാക്കിയിരിക്കുന്നത്.

## തൊഴിലാളി - മുതലാളി ബന്ധത്തെക്കുറിച്ച് ഇസ്‌ലാം എന്തു പറയുന്നു?

ഉൽപ്പാദനവും വ്യവസായവും കൃഷിയുമെല്ലാമുണ്ടാകുമ്പോൾ മുതലാളിയും തൊഴിലാളിയുമുണ്ടാവുക സ്വാഭാവികമാണ്. തൊഴിലാളി-മുതലാളി ബന്ധം സംഘട്ടനത്തിന്റേതല്ല, പ്രത്യുത സഹകരണത്തിന്റേതാവണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. തൊഴിലാളിയുടെ കൈകൾ കൊണ്ടുള്ള സ

'തൊഴിലാളിയുടെ കൈകൾകൊണ്ടുള്ള സമ്പാദ്യമാണ് ഏറ്റവും നല്ല വിഭവം'

'ഏറ്റവും ശുദ്ധമായ ഭക്ഷണം സ്വന്തം കരങ്ങൾകൊണ്ട് സമ്പാദിച്ചതാണ്'

'തൊഴിലാളിയെ അല്ലാഹു സ്നേഹിതനെപോലെ കണക്കാക്കുന്നു.'

'അല്ലാഹു തന്റെ തൊഴിലാളിയായ ദാസനെ ഇഷ്ടപ്പെടുന്നു. തന്റെ കുടുംബത്തിനുവേണ്ടി ജോലിയെടുത്ത് ക്ഷീണിച്ചവൻ പ്രതാപവാനും മഹാനുമായ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പട പൊരുതുന്നവനെപോലെയാണ്'

-മുഹമ്മദ് നബി(സ)

മ്പാദ്യമാണ് ഏറ്റവും നല്ല സമ്പാദ്യം എന്നാണ് പ്രവാചകൻ പറഞ്ഞത്. തൊഴിലാളിക്ക് അർഹമായ കൂലി നൽകണം. ജോലി തുടങ്ങുന്നതിനുമുമ്പുതന്നെ കൂലിയെക്കുറിച്ച് മുതലാളിയും തൊഴിലാളിയും തമ്മിൽ ധാരണയിലെത്തണം. ഇങ്ങനെ ധാരണയിലെത്തിയ കൂലിയിൽ അൽപം പോലും കുറയ്ക്കാതെ തൊഴിലാളിയുടെ വിയർപ്പു വറ്റുന്നതിനുമുമ്പ് കൊടുക്കണം. തൊഴിലാളിയെ ചൂഷണം ചെയ്യരുത്. തൊഴിലാളിക്ക് തന്റെ ജോലിയിൽ പൂർണമായ ആത്മാർത്ഥതയുണ്ടാവണം. ഏൽപിക്കപ്പെട്ട ജോലി സത്യസന്ധമായി ചെയ്തുതീർക്കേണ്ടത് തൊഴിലാളിയുടെ ബാധ്യതയാണ്.

### മറ്റു മതവിശ്വാസികളോടുള്ള മുസ്‌ലിമിന്റെ സമീപനം എന്തായിരിക്കണം?

മറ്റു മതസമൂഹങ്ങളുമായി മുസ്‌ലിംസമൂഹം പൂർണമായും രമ്യതയിലും സഹിഷ്ണുതയിലുമാണ് കഴിയേണ്ടതെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇസ്‌ലാമികേതര സമൂഹങ്ങ

*മുഹമ്മദ് നബി(സ) പറഞ്ഞു: 'നിന്റെ സഹോദരൻ അക്രമിയായാലും ആക്രമണത്തിനിരയായാലും അവനെ സഹായിക്കുക.' ഇതുകേട്ട് ഒരാൾ ചോദിച്ചു: 'ദൈവദൂതരേ, അക്രമത്തിനിരയാകുമ്പോൾ അവനെ സഹായിക്കാൻ എനിക്കറിയാം. എന്നാൽ അക്രമിയായാൽ എങ്ങനെയാണ് ഞാനവനെ സഹായിക്കുക.' നബി(സ) പ്രതിവചിച്ചു: 'അക്രമത്തിൽ നിന്ന് നീ അവനെ തടയണം. അങ്ങനെയാണ് നീ അവനെ സഹായിക്കേണ്ടത്.'*

ൾ മുസ്‌ലിം സമൂഹത്തിന്റെ നിലനിൽപ് ചോദ്യംചെയ്യാത്തിടത്തോളം അവരുമായി സ്നേഹത്തിലും സഹിഷ്ണുതയിലുമാണ് കഴിയേണ്ടതെന്ന് ഖുർആൻ നിഷ്കർഷിക്കുന്നു. ഇക്കാര്യം മുഹമ്മദ്(സ) തന്റെ ജീവിതത്തിലൂടെ കാണിച്ചുതരികയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിക രാഷ്ട്രത്തിൽ ജീവിക്കുന്ന അമുസ്‌ലിം പൗരന്മാരുടെ വിശ്വാസ സ്വാതന്ത്ര്യമോ ആരാധനാ സ്വാതന്ത്ര്യമോ ഹനിക്കുവാൻ ഖലീഫമാർക്കുപോലും അവകാശമില്ല. അവരുടെ ജീവനും സ്വത്തിനും പൂർണസംരക്ഷണം നല്കാൻ രാഷ്ട്രം ബാധ്യസ്ഥമാണ്. അമുസ്‌ലിം പൗരന്മാരോട് അനീതി കാണിക്കുന്നത് അക്ഷന്തവ്യമായ അപരാധമാണെന്നാണ് പ്രവാചകൻ(സ) പഠിപ്പിച്ചിരിക്കുന്നത്.

## എന്താണ് ജിഹാദ്?

ജിഹാദ് എന്ന പദത്തിന് ത്യാഗപരിശ്രമം എന്നാണർഥം. ദൈവിക മാർഗത്തിലുള്ള ത്യാഗ പരിശ്രമങ്ങളെല്ലാം ജിഹാദാണ്. സ്വന്തം ഇച്ഛയെ നിയന്ത്രിക്കുകയും ദൈവേച്ഛക്ക് കീഴ്പെടുകയും ചെയ്യുകയാണ് ജിഹാദിന്റെ ഒന്നാം ഘട്ടം. സ്വന്തം ജീവിതത്തെ മാതൃകായോഗ്യമായ രീതിയിലേക്ക് പരിവർത്തിപ്പിക്കുന്നത് ജിഹാദാണ്. ദൈവിക മാർഗത്തിൽ സ

> *നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകതന്നെയില്ല.*
>
> *-ഖുർആൻ 2: 190*

മ്പത്തും ശരീരവും വിനിയോഗിക്കുന്നത് ജിഹാദാണ്.

സത്യമതസാക്ഷ്യം സ്വീകരിച്ച് ഇസ്‌ലാമിക സമൂഹത്തിൽ അംഗമാകുന്ന ഒരാൾക്ക് ആരാധനകൾ നിർബന്ധമാവുന്നതുപോലെ സത്യമതത്തിന്റെ സന്ദേശം സഹോദരങ്ങൾക്ക് എത്തിക്കുകയെന്നതും ബാധ്യതയത്രെ. ഈ ബാധ്യതാ നിർവഹണത്തിന്റെ പാതയിലെ ത്യാഗപരിശ്രമങ്ങൾ ജിഹാദാണ്. സ്വന്തം ജീവിതത്തെ സത്യമതത്തിന്റെ സാക്ഷ്യമാക്കിക്കൊണ്ടും യുക്തിയും സദുപദേശവുമുപയോഗിച്ച് സംവദിച്ചുകൊണ്ടുമാണ് സത്യമതത്തിന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കേണ്ടത്. നിർബന്ധ പരിവർത്തനം എന്ന ആശയത്തോട് ഇസ്‌ലാം വിയോജിക്കുന്നു. മതകാര്യത്തിൽ യാതൊരു നിർബന്ധവും പാടില്ലെന്നും ഒരാൾ സ്വമനസ്സാലെയാണ് വിശ്വാസം സ്വീകരിക്കേണ്ടതെന്നും ജനങ്ങളെ ഉൽബോധിപ്പിക്കുക മാത്രമാണ് സത്യവിശ്വാസികളുടെ കടമയെന്നുമാണ് ഖുർആൻ വ്യക്തമാക്കുന്നത്. മതത്തിന്റെ പേരിൽ നിരപരാധികളെ അക്രമിക്കുന്നതിനെ ഇസ്‌ലാം അനുവദിക്കുന്നില്ല.

ഇസ്‌ലാം അനുസരിച്ച് ജീവിക്കുവാനുള്ള അവകാശം നിഷേധിക്കപ്പെടുകയും അതു പ്രചരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ഹനിക്കപ്പെടുകയും ചെയ്യുന്ന അവസരത്തിൽ അനിവാര്യമെങ്കിൽ ബലപ്രയോഗത്തിലൂടെ മതസ്വാതന്ത്ര്യം ഉറപ്പുവരുത്താമെന്നാണ് ഇസ്‌ലാമിന്റെ നിലപാട്. അക്രമം അവസാനിപ്പിച്ച് സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഇ

*'മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.'*

*- ഖുർആൻ 60: 8*

സ്ലാം യുദ്ധം അനുവദിച്ചിരിക്കുന്നത്. യുദ്ധത്തിൽ പോലും മാന്യത കൈവെടിയാൻ പാടില്ലെന്നും പരിധി ലംഘിക്കരുതെന്നുമാണ് ഖുർആനിന്റെ ശാസന. മുസ്‌ലിം സമൂഹം യുദ്ധം ചെയ്യുവാൻ നിർബന്ധിതരാവുന്ന ഘട്ടങ്ങളിൽ സമൂഹത്തിലെ കഴിവും ആരോഗ്യവുമുള്ളവരെല്ലാം അതിന് സന്നദ്ധരാവേണ്ടതാണ്. സത്യമതത്തിന്റെ സംരക്ഷണത്തിനു വേണ്ടി നടത്തുന്ന ത്യാഗപരിശ്രമങ്ങളെല്ലാം ജിഹാദാണ്. അതിൽ അവസാനത്തേതാണ് സായുധ സമരം.

## ഇസ്‌ലാം എങ്ങനെയാണ് ലോകത്ത് വ്യാപിച്ചത്?

സ്രഷ്ടാവായ ഏകദൈവത്തെ മാത്രം ആരാധിക്കുകയും അവന്റെ ദൂതന്മാരെ പിൻപറ്റുകയും ചെയ്യുകയെന്ന, അന്ധവിശ്വാസങ്ങളിൽനിന്നു മുക്തമായ ആദർശത്തിലേക്ക് ചിന്തിക്കുന്നവർ ആകൃഷ്ടരായതാണ് ഇസ്‌ലാം അതിവേഗം വ്യാപിക്കുവാനുണ്ടായ കാരണം. വ്യാജ ദൈവങ്ങളും അവയുടെ ദല്ലാളന്മാരായ പൗരോഹിത്യവും ബന്ധനസ്ഥമാക്കി വെച്ചിരുന്ന മനുഷ്യധിഷണയെ പ്രവർത്തനോന്മുഖമാക്കുന്ന ദൈവസമർപ്പണത്തിന്റെ പാതയിലേക്ക് ചിന്തിക്കുന്ന ജനങ്ങൾ ആകർഷിക്കപ്പെടുക സ്വാഭാവികമായിരുന്നു. ദൈവത്തിന്റെ ഏകത്വത്തോടൊപ്പം ഇസ്‌ലാം മുന്നോട്ടുവച്ച മനുഷ്യസമൂഹ

ത്തിന്റെ ഏകതയെന്ന ആശയം ജന്മത്തിന്റെ പേരിൽ കെട്ടിയുയർത്തപ്പെട്ട സങ്കുചിതത്വങ്ങളുടെയെല്ലാം അടിവേരറുക്കുന്നതാണ്. ജാതിയുടെയും വർഗത്തിന്റെയും പേരിൽ അടിച്ചമർത്തപ്പെട്ടു കഴിഞ്ഞിരുന്ന ജനവിഭാഗങ്ങൾ ഏകമാനവതയുടെ സന്ദേശത്തിലേക്ക് കടന്നുവന്നതും ഇസ്‌ലാമിന്റെ വ്യാപനത്തിന് നിമിത്തമായിട്ടുണ്ട്. കച്ചവടാവശ്യാർഥവും മറ്റും ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലെത്തിയ മുസ്‌ലിംകളുടെ നിസ്വാർഥവും ആത്മാർഥവുമായ ജീവിതവും അന്നാട്ടുകാരെ ഇസ്‌ലാമിലേക്ക് ആകർഷിക്കുവാൻ കാരണമായിട്ടുണ്ട്. ഇങ്ങനെയെല്ലാം മനുഷ്യമനസ്സുകളിലേക്ക് സന്നിവേശിച്ച ഇസ്‌ലാം ഇന്ന് ലോകത്തെ എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള കോടിക്കണക്കിനാളുകളുടെ ചിന്തയെയും പ്രവർത്തനങ്ങളെയും സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ആദർശമാണ്.

"നീ മൂലം ഒരാളെങ്കിലും
സത്യമാർഗത്തിലെത്തിയാൽ
അതാണ് ഈ ലോകവും
അതിലുള്ളതുമെല്ലാം
ലഭിക്കുന്നതിനേക്കാൾ
നിനക്കുത്തമം."
മുഹമ്മദ് നബി(സ)

---

നാഥാ... സത്യമത സന്ദേശ പ്രചരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിന്റെ നിർവഹണത്തിനു വേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ. (ആമീൻ)

---

# ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ...

ഖുർആനും നബി ചര്യയുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ.അവയിലൂടെയാണ് ഒരാൾ ഇസ്‌ലാമിനെ കുറിച്ച് മനസ്സിലാക്കേണ്ടത്.ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുന്നവർക്കായി റിയാദിലെ വെസ്റ്റ് ദീറ ഇസ്‌ലാമിക് സെന്റർ ധാരാളം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

- കുടുംബങ്ങൾക്കും അല്ലാത്തവർക്കും വേണ്ടിയുള്ള മതപഠന ക്ലാസുകൾ നടന്നു കൊണ്ടിരിക്കുന്നു.
- ,ഇസ്‌ലാമിക പുസ്തകങ്ങളും, ലഘു ലേഖകൾ മുസ്ഹഫുകൾ, കേസറ്റുകൾ എന്നിവ വിതരണം ചെയ്യുന്നു.
- പുതുതായി ഇസ്‌ലാം സ്വീകരിക്കുന്നവർക്ക് മതകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ ശരിപ്പെടുത്തി കൊടുക്കുന്നു .

> *സുഹൃത്തേ , ഇസ്‌ലാം നിങ്ങളെ വിളിക്കുന്നു .*
> *മരണത്തിനു മുമ്പായി ഈസത്യമതംസ്വീകരിക്കുക*

കൂടുതൽ വിവരങ്ങൾക്ക്

ISLAMIC CALL AND GUIDANCE CENTER-WEST DEERAH-RIYADH. TEL:4391942 EXT.106,108 FAX:4391851